# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അഴീക്കോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ /കെ.എൻ.ആർ /സി5/1394/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 04/10/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അഴീക്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ

ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ /കെ.എൻ.ആർ /സി5/1394/23

തീയ്യതി: 04/10/2023

# കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 15-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 44 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എ.ആർ.ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 16-08-2023 | 24-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-08-2023 | 24-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ലീലാകൃഷ്ണൻ.എൻ.എം,ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഷിജില.വി.ഡി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.നിഷ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.നിഖില.എ.എം,ഓഡിറ്റർ
ശ്രീ.ബിജു ബാലൻ.കെ.ബി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അജീഷ്.കെ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.രാജലക്ഷ്മി.കെ.കെ | സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീ.സന്തോഷ് തൊപ്പിയൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 22-11-2022 |
| ഹരിദാസ്.സി.എം | സെക്രട്ടറി | 23-11-2022 | 12-01-2023 |
| ശ്രീ.സന്തോഷ് തൊപ്പിയൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-01-2023 | 22-02-2023 |
| ശ്രീ.ഗോപാലകൃഷ്ണൻ.എസ് | സെക്രട്ടറി | 23-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സന്തോഷ് തൊപ്പിയൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.ശ്രീകുമാർ.ടി.കെ | കൃഷി ഓഫീസർ | 01-04-2022 | 18-01-2023 |
| ശ്രീമതി.റമീസ.ഇ.എം | കൃഷി ഓഫീസർ | 19-01-2023 | 31-03-2023 |
| ഡോ.പ്രശാന്ത്.വി | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.രാജശ്രീ.എസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.സിന്ധു കല.എ.ആർ | മെഡിക്കൽ ഓഫീസർ(സിഎച്ച്സി) | 01-04-2022 | 31-03-2023 |
| ശ്രീമതി.ഷംല.എം | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീ.നൌഷാദ്.കെ.ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ബിന്ദു | വില്ലേജ് എക്സ് റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ജിൻസി മോൾ ജോർജ്.കെ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2022 | 16-01-2023 |
| ശ്രീമതി.ഷീബ | ഐസിഡിഎസ് സൂപ്പർവൈസർ | 17-01-2023 | 31-03-2023 |
| ജോസ് ജയകുമാർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ഷാജി.സി. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 30-06-2022 |
| ശ്രീ.രാജേഷ്.ടി.ആർ. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-07-2022 | 31-07-2022 |

| | | | |
|---|---|---|---|
| ശ്രീമതി.പ്രീത | സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 01-08-2022 | 07-12-2022 |
| ശ്രീ.രാജേഷ്.ടി.ആർ. | സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 08-12-2022 | 30-12-2022 |
| ശ്രീ.രജീഷ്.ടി.കെ. | സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 31-12-2022 | 30-01-2023 |
| ശ്രീ.അരുൺ സുരേഷ് | സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 31-01-2023 | 31-03-2023 |
| ശ്രീമതി.ശില്പ.കെ.പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |

കുറിപ്പ്-ശ്രീ.നൗഷാദ്.കെ.ബി-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (നോർത്ത് സർക്കിൾ) ശ്രീമതി.ബിന്ദു-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സൗത്ത് സർക്കിൾ)

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ഫെസ്റ്റിവൽ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല | 1-1-3 |
| 5 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-4 |
| 6 | മുൻകൂർ ക്രമീകരിച്ചിട്ടില്ല. | 1-1-5 |
| 7 | ഡിപ്രിസിയേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല | 1-1-6 |
| 8 | സംയുക്ത പദ്ധതികൾക്ക് വേണ്ടി അനുവദിച്ച തുക വിനിയോഗിച്ചിട്ടില്ല | 1-1-7 |
| 9 | സ്റ്റെയിൽ ചെക്ക് എൻക്യാഷ് ചെയ്തിട്ടില്ല | 1-1-8 |
| 10 | B-4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകകളുടെ ഇനം - വ്യക്തമല്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 18 | ആഭ്യന്തരനിയന്ത്രണം | 1-9 |

| | | |
|---|---|---|
| 19 | ഗ്രാമസഭ | 1-10 |
| 20 | കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തേണ്ടതാണ് | 1-11 |
| 21 | കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിലെ വ്യത്യാസം | 1-12 |
| 22 | അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നതിലെ വീഴ്ച | 1-13 |
| 23 | കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിലെ അപാകം | 1-14 |
| 24 | വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-15 |
| 25 | തൊഴിൽ നികുതി- അപാകങ്ങൾ | 1-16 |
| 26 | ലൈസൻസ് ഫീസ് നിശ്ചയിച്ചതിലെ അപാകങ്ങൾ | 1-17 |
| 27 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ-മരുന്നുകൾ ലഭ്യമായിട്ടില്ല-₹316725 തടസ്സപ്പെടുത്തുന്നു. | 1-18 |
| 28 | അഴീക്കോട് എസ് സി ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ-മരുന്ന് ലഭ്യമായിട്ടില്ല-₹58293 തടസ്സപ്പെടുത്തുന്നു | 1-19 |
| 29 | മെഡിക്കൽ ഓഫീസർ, സി എച്ച് സി നിർവഹണം നടത്തിയ പദ്ധതികളിലെ അപാകങ്ങൾ -₹548277 തടസ്സപ്പെടുത്തുന്നു. | 1-20 |
| 30 | ജീവിതശൈലി രോഗ നിയന്ത്രണ മെഡിക്കൽ ക്യാമ്പും ബോധവല്ക്കരണവും-സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല-₹31650 തടസ്സപ്പെടുത്തുന്നു | 1-21 |
| 31 | പാലിയേറ്റീവ് പരിചരണ പദ്ധതി- ₹99300 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 32 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് വിതരണം-ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടില്ല - ₹494208 തടസ്സപ്പെടുത്തുന്നു. | 1-23 |

| | | |
|---|---|---|
| 33 | ലൈഫ് ഭവന നിർമ്മാണ പദ്ധതി - പൂർത്തീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്. | 1-24 |
| 34 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് - രേഖകളുടെ അഭാവത്തിൽ ₹715000 തടസ്സപ്പെടുത്തുന്നു. | 1-25 |
| 35 | പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം - രേഖകൾ ഹാജരാക്കിയിട്ടില്ല - ₹75000 തടസ്സപ്പെടുത്തുന്നു. | 1-26 |
| 36 | ഐ.കെ. എം.വിഹിതം നൽകൽ- വിനിയോഗസാക്ഷ്യ പത്രം ലഭ്യമായിട്ടില്ല ₹155830-ചെലവ് തടസ്സപ്പെടുത്തുന്നു | 1-27 |
| 37 | കോക്ലിയർ ഇംപ്ലാന്റേഷന് ധന സഹായം- വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല -₹100000 തടസ്സപ്പെടുത്തുന്നു | 1-28 |
| 38 | അങ്കണവാടി പോഷകാഹാരം - അമൃതം ന്യൂട്രിമിക്സ് തുകയിൽ നിന്നും ജിഎസ് ടി-ടിഡിഎസ് കുറവ് ചെയ്തിട്ടില്ല | 1-29 |
| 39 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-30 |
| 40 | എ ബി സി പദ്ധതിക്കായി ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ-വിനിയോഗവിവരം ലഭ്യമാക്കിയില്ല 100000.രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-31 |
| 41 | തെരുവ് വിളക്ക് ലൈൻ വലിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. 3759056 രൂപയുടെ ചെലവ് തടസ്സപ്പടുത്തുന്നു. | 1-32 |
| 42 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി ക്ക് തുക ഒടുക്കൽ -രേഖകൾ ലഭ്യമാക്കിയില്ല ₹223024യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-33 |
| 43 | തൊഴിലുറപ്പ് ജോലിക്കാർക്ക് ഫസ്റ്റ് എയ്ഡ് കിറ്റ്-സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല-₹ 50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-34 |

| | | |
|---|---|---|
| 44 | തനത് വരുമാന വർദ്ധനവ് -അവലോകനം | 1-35 |
| 45 | കാർഷിക യന്ത്രവൽക്കരണം - പദ്ധതികൾ- നടത്തിപ്പിലെ അപാകങ്ങൾ- ₹1638000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-36 |
| 46 | ഇ-ടെണ്ടർ ഫീ - ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ലഭ്യമായിട്ടില്ല | 1-37 |
| 47 | പദ്ധതി മാർഗരേഖ-നിർദ്ദേശം പാലിക്കുക | 1-38 |
| 48 | അതിഥി തൊഴിലാളി ക്ഷേമം-പദ്ധതികൾ നടപ്പിലാക്കുക | 1-39 |
| 49 | മരാമത്തു പ്രവൃത്തികളുടെ നിർവഹണം | 1-40 |
| 50 | മരാമത്തു പ്രവൃത്തികളിലെ ജി.എസ്.ടി വിഹിതം അടവാക്കുക | 1-41 |
| 51 | ഡെപ്പോസിറ്റ് വർക്ക് അവലോകനം | 1-42 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ് സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത്‌രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് അഴീക്കോട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27-06-2023ലെ 1/23 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 11.08.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023ൽ അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്‌രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ,
04-10-2023.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## 1-1-1 അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും സമർപ്പിച്ചിട്ടില്ല

1. 2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62(F) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ ബി-1 ഷെഡ്യൂൾ ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹10877255 ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹280709628 ആണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-1-3 ഫെസ്റ്റിവൽ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല

2018-19 വർഷം ഫെസ്റ്റിവൽ അഡ്വാൻസ് ആയി അനുവദിച്ച ₹18000 നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

## 1-1-4 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-5 മുൻകൂർ ക്രമീകരിച്ചിട്ടില്ല.

മുൻകൂർ രജിസ്റ്റർ പ്രകാരം CDS ₹662088 ക്രമീകരിക്കാൻ ബാക്കിയുണ്ട്. 2021-22ലെ വാർഷിക ധനകാര്യ പത്രികയിലും ഇതേ തുക തന്നെ ക്രമീകരിക്കാതെയുണ്ട്.

## 1-1-6 ഡിപ്രിസിയേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല

ആസ്തി, ഡിപ്രിസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-7 സംയുക്ത പദ്ധതികൾക്ക് വേണ്ടി അനുവദിച്ച തുക വിനിയോഗിച്ചിട്ടില്ല

സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി അനുവദിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 320700204 | Contributions For Joint Venture Projects – Block Panchayat | ₹441610 |
| 320700205 | Contributions For Joint Venture Projects- From District Panchayats | ₹454244 |

മുൻവർഷത്തിലും ടി തുക ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ടായിരുന്നു. ഈ തുകകൾ വിനിയോഗിക്കുകയോ അതത് ഹെഡിലേക്ക് തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 1-1-8 സ്റ്റെയിൽ ചെക്ക് എൻക്യാഷ് ചെയ്തിട്ടില്ല

B-9 ഷെഡ്യൂളിൽ Liability In Respect Of Stale Cheque ഇനത്തിൽ ₹269178 രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ചെക്കുകളിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ പദ്ധതി പ്രകാരം കമ്പ്യൂട്ടർ സപ്ലൈ ചെയ്തതിന് സർവൈറ്റ് എന്ന സ്ഥാപനത്തിന് നൽകിയ ₹111122 അക്കൗണ്ട് നിലവിലില്ല എന്ന റിമാർക്സ് പ്രകാരം തിരിച്ച് വന്നതും 2019-20, 2020-21, 2021-22 വർഷങ്ങളിൽ ക്യാരി ഓവറായി വന്നിട്ടുള്ള ₹158056യും ആണ്. ചെക്കുകൾ റീവാലിഡേറ്റ് ചെയ്യാത്തതിനാലും ബന്ധപ്പെട്ട വ്യക്തികൾ/സ്ഥാപനങ്ങൾ ക്ലെയിം ചെയ്യാത്തതിനാലും മേൽ തുക പഞ്ചായത്ത് അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-9 B-4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകകളുടെ ഇനം - വ്യക്തമല്ല

| കോഡ് | ഇനം | തുക |
|---|---|---|
| 320200299 | Grants, Funds & Contributions For Specific Purposes – Other Than Development Fund And State Sponsored Scheme Fund - Other Functions | ₹74877 |
| 320300199 | Grants, Funds & Contributions For Specific Purposes – Other Govt.Agencies | ₹832265 |

മേൽ തുകകൾ വിവിധ വർഷങ്ങളിലായി പഞ്ചായത്തിന് ലഭിക്കുകയും ആയതിൽ നിന്ന് നിരവധി തവണ ചെലവ് ചെയ്ത ശേഷമുള്ള തുകയാണെന്നും ആയത് ഏതൊക്കെ ഇനങ്ങളിലുള്ള ബാധ്യതയാണെന്ന് കണ്ടെത്തി അതത് ഹെഡുകളിൽ തിരിച്ചടക്കുന്നതാണെന്നും എൻക്വയറി നം. 34/22.8.2023 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

## 1-2 ബജറ്റ്

ബജറ്റ് 25-03 -2022 തീയതിയിലെ 82/22 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു. പുതുക്കിയ ബജറ്റ് 14.03.2023 തീയതിയിലെ 05/23 നമ്പർ തീരുമാന

പ്രകാരം അംഗീകരിച്ചു.

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 90194738 | 121213827 |
| വരവ് | 334339000 | 361053807 |
| ആകെ | 424533738 | 482267634 |
| ചെലവ് | 415877000 | 398725540 |
| നീക്കിയിരിപ്പ് | 8656738 | 83542094 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11,08,38,526 |
| വരവ് | 15,63,66,817 |
| ആകെ | 26,72,05,343 |
| ചെലവ് | 14,54,89,562 |
| നീക്കിയിരിപ്പ് | 12,17,15,781 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | ഇല്ല |
| തടസ്സപ്പെട്ടുത്തിയ തുക | 83,64,363 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | | 0 | 38138503 | 38138503 | 34684131 | 3454372 |
| വികസന ഫണ്ട്- എസ്.സി.പി | | 0 | 4824167 | 4824167 | 4596750 | 227417 |
| മെയിന്റനൻസ്, റോഡ് | | 0 | 7685000 | 7685000 | 1198778 | 6486222 |
| മെയിന്റനൻസ്, റോഡിതരം | | 0 | 9248000 | 9248000 | 4375591 | 4872409 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | ടൈഡ് | 0 | 18000245 | 18000245 | 4012929 | 13987316 |
| | ബേസിക്ക് | 0 | 9834787 (587100 പലിശ ഉൾപ്പെടെ) | 9834787 | 8893025 | 941762 |
| ഹെൽത്ത് ഗ്രാന്റ് | Dignostic Infra | - | 470949 | 470949 | 208396 | 262553 |

| | | | | | | |
|---|---|---|---|---|---|---|
| | Stucture | | | | | |
| | Health Wellness Progrmme | - | 275961 | 275961 | 0 | 275961 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| എം ജി എൻ ആർ ഇ ജി എസ് | | 1262 | 20377034 | 20378296 | 20375069 | 3227 |
| ഐ സി ഡി എസ്-കേന്ദ്രവിഹിതം | | 2646004 | 2433350 | 5079354 | 902482 | 4176872 |
| ടോട്ടൽ സാനിട്ടേഷൻ | | 4140 | 0 | 4140 | 0 | 4140 |
| എം പി- പ്രാദേശിക വികസന ഫണ്ട്- | | 61 | - | 61 | 0 | 61 |
| എസ് എസ് എ | | 59571 | 2373 | 61944 | 0 | 61944 |
| പൈക്ക | | 19950 | 545 | 20495 | 0 | 20495 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| സാക്ഷരത | | 3656 | 145 | 3801 | 0 | 3801 |
| ശുചിത്വ മിഷൻ | | 2097210 | 0 | 2097210 | 1538989 | 558221 |
| ലൈബ്രറി ഗ്രാന്റ് | | 44520 | 10000 | 54520 | 33520 | 21000 |
| വികസന ഫണ്ടും സംസ്ഥാനാവിഷ്കൃത ഫണ്ടും അല്ലാത്ത മറ്റ് ഗ്രാന്റ് / ഫണ്ട് | | 74877 | 0 | 74877 | 0 | 77877 |
| കുടുംബശ്രീ – സി ഡി എസിന് നൽകിയ തുക | | 662088 | 0 | 662088 | 0 | 662088 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 267 | 198834071 | 173 | 92018757 | 96 | 94 | 77 | 28.83 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | അഗ്രികൾച്ചറൽ ഓഫീസർ | 20 | 19 | 2,44,05,476 | 2,35,77,292 | 96.61 |
| 2 | വെറ്ററിനറി സർജൻ | 09 | 08 | 21,86,760 | 19,46,759 | 89.02 |
| 3 | മെഡിക്കൽഓഫീസർ (സിഎച്ച്സി) | 16 | 15 | 57,72,263 | 31,66,246 | 54.85 |
| 4 | മെഡിക്കൽഓഫീസർ (ഹോമിയോ) | 04 | 04 | 14,75,000 | 14,75,000 | 100 |
| 5 | സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 08 | 08 | 17,43,500 | 14,85,788 | 85.22 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 22 | 19 | 5,85,93,172 | 1,80,07,846 | 30.73 |
| 7 | ഐസിഡിഎസ് സൂപ്പർ വൈസർ | 19 | 18 | 1,21,63,780 | 1,06,03,146 | 87.17 |
| 8 | സെക്രട്ടറി | 43 | 26 | 1,92,81,266 | 1,26,45,900 | 65.59 |
| 9 | ഹെഡ്മാസ്റ്റർ | 17 | 14 | 42,97,766 | 21,96,132 | 51.09 |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | 93 | 35 | 6,47,20,038 | 1,40,78,760 | 21.75 |
| 11 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 02 | 02 | 13,00,000 | 10,26,018 | 78.92 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 14 | 05 | 28,95,050 | 18,09,870 | 62.52 |
| | ആകെ | 267 | 173 | 19,88,34,071 | 9,20,18,757 | 46.28 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1262 | 552679 | 553941 | 550714 | 3227 |
| ഗുണഭോക്താക്കൾക്കുള്ള കൂലി (സാധന സാമഗ്രികൾ ഉൾപ്പെടെ) | 0 | 19824355 | 19824355 | 19824355 | 0 |
| ആകെ | 1262 | 20377034 | 20378296 | 20375069 | 3227 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 1 | 720 |
| കർഷകതൊഴിലാളി പെൻഷൻ | 224 | 3167400 |
| വിധവാപെൻഷൻ | 1724 | 22938300 |
| വാർദ്ധക്യകാല പെൻഷൻ | 5035 | 63655000 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 529 | 7101400 |
| 50വയസിനു മുകളിൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 518 | 7085800 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-08-2023 തീയതി രാവിലെ 11.43ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8511/- രൂപയുടെ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലിവിഭജനം നടത്തിയിട്ടുണ്ട്. രജിസ്റ്ററുകൾ നല്ല നിലയിൽ സൂക്ഷിച്ചിട്ടുണ്ട്. എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് നടത്തിയിട്ടുണ്ട്. നികുതി പിരിവ് ഊർജിതമാക്കൽ, ഫയൽ തീർപ്പാക്കൽ, ഫ്രണ്ട് ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്തൽ തുടങ്ങി നിരവധി കാര്യങ്ങൾ സ്റ്റാഫ് മീറ്റിംഗിൽ ചർച്ചചെയ്തിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം തൃപ്തികരമാണെങ്കിലും വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കുറച്ചുകൂടി മെച്ചപ്പെടേണ്ടതുണ്ട്.

## 1-10 ഗ്രാമസഭ

ഓഡിറ്റ് വർഷത്തിൽ ഓരോ വാർഡിലും 4 പ്രാവശ്യം ഗ്രാമസഭ ചേർന്നിട്ടുണ്ട്. സാമ്പത്തിക വർഷത്തെ ആദ്യ ഗ്രാമസഭയിൽ വിവിധ വിഭാഗങ്ങളിൽ നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ട്. സർവേ സഭയും ചേർന്നിട്ടുണ്ട്.

## 1-11 കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തേണ്ടതാണ്

2016-17, 2017-18 വർഷങ്ങളിലെ കെട്ടിട നിർമ്മാണ പെർമിറ്റുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.
മേൽപ്പറഞ്ഞ കാലയളവിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഏതാനും വാസഗൃഹങ്ങൾക്ക് കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.

നിലവിൽ പെർമിറ്റ് കാലാവധി അവസാനിച്ച ഈ കെട്ടിടങ്ങൾക്ക് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ഭൂരിഭാഗം കെട്ടിടങ്ങൾക്കും കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയതായും കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നമ്പർ / കാലാവധി | അധിക നിർമാണത്തിനായി അനുമതി നൽകിയ തറവിസ്തീർണം (ച.മീ) | സഞ്ചയ പ്രകാരം നികുതി നിർണയിച്ച തറവിസ്തീർണം (ച.മീ) |
|---|---|---|---|---|---|
| 1 | 4/672 | താഴെക്കണ്ടി അഫ്സത്ത് | 353/16-17<br>10.01.17 To 09.01.20 | GF(ex)- 79.45<br>FF(ex)- 12.34<br>FF(pro)-55.11 | 68 |
| 2 | 15/44 B | പുതിയങ്ങാടി ചെറിയ പുരയിൽ ബീഫാത്തു | 3985/17-18<br>24.06.17 To 23.06.20 | GF(ex)-95.18<br>FF(pro)-95.18 | 104.49 |
| 3 | 12/81 | കടാങ്കോട്ട് നമ്മനാത്ത് വിനയൻ | 3982/17-18<br>17.04.17 To 16.04.20 | GF(ex)-71.89<br>GF(pro)-2.41<br>FF(ex)-10.92<br>FF(pro)-81.22 | 74 |
| 4 | 4/193 | മംഗല ആയിഷാബി | 5499/17-18<br>07.09.17 To 06.09.20 | GF(ex)-87.99<br>FF(ex)—20.17<br>FF(pro)-58.85 | 102 |
| 5 | 6/457 | നാദാപുരം ഉഷ | 6262/17-18<br>03.10.17 To 02.10.20 | GF(ex)-51.27<br>GF(pro)—6.48<br>FF(pro)-53.90 | 50 |
| 6 | 18/324 | മൂർക്കോത്ത് വളപ്പിൽ വിനേശൻ | 5767/17-18<br>03.10.17 To 02.10.20 | GF(ex)-60.44<br>FF(pro)-52.31 | 67.52 |

കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൻ പ്രകാരം നിലവിൽ ഇത്തരത്തിലുള്ള കെട്ടിടങ്ങൾക്ക് 2013 മുതൽ ബാധകമായ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്. മാത്രമല്ല കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണം, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പു വരുത്താനുമാവില്ല. ഇതു സംബന്ധിച്ച് 06/18-08-2023 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ

തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാർഡ് തലത്തിൽ ഫീൽഡ്തല പരിശോധന നടത്തി കൂട്ടിചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നികുതി പുനർനിർണയം നടത്തേണ്ടതും അനധികൃതമായി കെട്ടിടങ്ങൾ നിലനില്ക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്. പെർമിറ്റിനായുള്ള അപേക്ഷകളിൽ നിലവിലുള്ള വിസ്തീർണ്ണം രേഖപ്പെടുത്തിയതും നികുതി ഈടാക്കുന്ന വിസ്തീർണ്ണവും പൊരുത്തപ്പെടാത്ത സംഗതികളും ഉണ്ട്. നിജസ്ഥിതി പരിശോധിച്ച് നികുതിച്ചോർച്ച ഒഴിവാക്കേണ്ടതാണ്.

## 1-12 കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിലെ വ്യത്യാസം

അഴീക്കോട് ഗ്രാമപഞ്ചായത്തിൽ നിന്ന് 2022-23 കാലയളവിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് ലഭിച്ച താഴെ പറയുന്ന വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയയിൽ പരിശോധിച്ചപ്പോൾ പ്രസ്തുത കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തമാണെന്ന് കണ്ടു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | വാർഡ്/കെട്ടിട നമ്പർ | ഉപയോഗക്രമം |
|---|---|---|---|---|
| 69 | ഗീത കെ പി | അനാദിക്കട | 13/295 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 73 | ദീപ കെ | വസ്ത്ര വ്യാപാരം | 19/40 | പാർപ്പിടാവശ്യം |
| 273 | ഷീല എം | ഫോട്ടോസ്റ്റാറ്റ് | 16/179 | പാർപ്പിടാവശ്യം |
| 319 | വിനോദ് കെ | സ്പെയർ പാർട്സ് വില്പന | 4/272 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 382 | ലസിത കുമ്മൻ | വസ്ത്ര വ്യാപാരം | 15/436 | പാർപ്പിടാവശ്യം |
| 383 | ജലാലുദ്ദീൻ വി | അനാദിക്കട | 15/289 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 401 | ഫൈസൽ എം | പ്ലൈവുഡ് ഉൽപങ്ങൾ നിർമാണവും വിൽപനയും | 3/427, 428,397 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 978 | സി അനിൽ കുമാർ | ഗ്രിൽസ് നിർമാണം, വിൽപന | 13/342 | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |

| | | | | |
|---|---|---|---|---|
| 807 | സനീഷ് കെ പി | അനാദിക്കട | 8/287 K | Not Found |
| 451 | കൈലാസ് എം | ബാർബർ ഷോപ്പ് | 1/238 | നികുതി, ഉപനികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 455 | ദിവ്യ പി | സിമന്റ് വിൽപന | 3/144 | പാർപ്പിടാവശ്യം |
| 441 | സുമേഷ് എം | വർക്ക്ഷോപ്പ് | 21/529 | നികുതി, ഉപനികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ |
| 849 | കെ പി അബൂബക്കർ | വസിം വുഡ് ഇൻഡസ്ട്രീസ് | 3/136 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(8/18.08.23) നല്കിയ മറുപടിയിൽ ഉപയോഗക്രമത്തിലെ വ്യത്യാസം പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-13 അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നതിലെ വീഴ്ച

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം പഞ്ചായത്ത് പരിധിയിൽ 76 അനധികൃത കെട്ടിടങ്ങളാണുള്ളത്.

1. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 730 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യുന്ന തീയതി മുതൽ മാത്രമാണ് കേരള പഞ്ചായത്ത് രാജ് നിയമം 235 എ പ്രകാരം വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക ഈടാക്കാനാവൂ എന്നിരിക്കെ അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നതിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

2. ചെറുവക്കോടൻ രമേശൻ എന്നവരുടെ ഉടമസ്ഥതയിലുള്ള 22/535 A UA കെട്ടിടത്തിന്റെ നികുതി 2013-14 മുതൽ ഈടാക്കിയിട്ടില്ല.

അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യുന്ന തീയതി മുതൽ മാത്രമാണ് കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ പ്രകാരം വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക ഈടാക്കാനാവൂ. അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നതിലെ വീഴ്ചയുണ്ടായത് സംബന്ധിച്ച് 09/18-08-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഫീൽഡ് പരിശോധന നടത്തി നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടിയാണ് നൽകിയത്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിലെ അപാകം

2011ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തുനികുതി ചുമത്തേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത്‌രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ വിവിധ കെട്ടിടങ്ങൾക്ക് താഴെ പറയുന്ന നിരക്കിലാണ് നികുതി കണക്കാക്കേണ്ടത്.

| ക്രമ നം. | ഇനം | നിർണയിക്കേണ്ട നികുതി നിരക്ക് / ച.മീ |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 $M^2$ വരെ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 30 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 $M^2$ന് മുകളിൽ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 50 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 $M^2$ വരെ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 30 |
| 4 | വാണിജ്യാവശ്യത്തിനുള്ള 200 $M^2$ന് മുകളിൽ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 70 |

വസ്തുനികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്റർ, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉമസ്ഥന്റെ പേര് | കെട്ടിട നമ്പർ | പ്ലിന്ത് ഏരിയ (ച.മീ) | നിർണ്ണയിച്ച നികുതി (₹/$M^2$) | നിർണ്ണയിക്കേണ്ട നികുതി |
|---|---|---|---|---|---|

| | | | | | (₹/M²) |
|---|---|---|---|---|---|
| 1 | കടപ്രത്തകത്ത് കാക്കി ഫർസാന | 17/435 B,C,D | 585.5+515+954+809.62<br>ആകെ -2864.12 | (17/435 B, A എന്നിവയ്ക്ക് 70 രൂപ നിരക്കിലും 17/435 C 40 രൂപ നിരക്കിലും 17/435 D 50 രൂപ നിരക്കിലും) | 70 |
| 2 | തോനായി ദിലീപൻ | 17/504 A To F 17/505 TO 509 | 27.56+41.4+18.3+18.3+18.3+18.3+ 18.3+14.19+14.19+15.91+15.91+21.09<br>ആകെ - 241.75 | 40 | 50 |
| 3 | ഉവൈസ് സത്താർ. വി.പി | 17/572 A | ആകെ - 5100 | 50 | 70 |
| 4 | മുതിരക്കൽ ഗീത | 17/586 B C D | 151.94+125.7+109.27<br>ആകെ - 386.91 | 40 | 70 |
| 5 | കോറോത്ത് കുഴിക്കുന്നുമ്മൽ മുഹമ്മദ് ഖൻസ് | 17/687 A To O | 65.17+27.04+27.04+27.04+76.22+ 22.74+19.59+24.77+24.77+24.77+ 28.86+23.72+22.87+22.87+25.305<br>ആകെ - 2688.73 | 50 | 70 |
| 6 | സി കെ സറീന | 17/703 To 708 | 9+22.8+22.8+25.2+27+27<br>ആകെ - 133.8 | 40 | 50 |
| 7 | കെ ഭരതൻ | 17/38, 39,40, 41, 42, 43 | 104.37+16.52+16.52+21.45+21.45+16.56<br>ആകെ - 196.87 | 40 | 50 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7 തീയതി 18.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിലെ കെട്ടിടങ്ങളിൽ നിന്ന് തറ വിസ്തീർണത്തിന്റെ അടിസ്ഥാനത്തിലുള്ള നിരക്കിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-15 വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന

അഴീക്കോട് ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന്റെ വിവരങ്ങൾ (സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം) താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|---|
| 1 | 100$^{m2}$ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 3366 |
| 2 | 100$^{m2}$ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 411 |
| 3 | 200$^{m2}$ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 12 |
| 4 | 200$^{m2}$ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 20 |
| 5 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യൂവൽ സ്റ്റേഷൻ, അസംബ്ലി കെട്ടിടം തുടങ്ങിയവ | 20 |
| 6 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 291 |
| 7 | കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, കല്യാണമണ്ഡപം, സിനിമ തിയേറ്റർ, ലോഡ്ജ് എന്നിവ | 10 |
| 8 | ഇതര വ്യവസായങ്ങൾക്കുള്ളവ | 134 |
| | ആകെ | 4164 |

അഴീക്കോട് ഗ്രാമ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി 4164 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നുണ്ട്.എന്നാൽ പഞ്ചായത്തിൽ 2022-23 വർഷം എഫ് ടി ഇ ആന്റ് ഒ എസ് ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ ലഭിച്ച 4164 കെട്ടിടങ്ങളിൽ 1092 കെട്ടിടങ്ങൾ മാത്രമേ വാണിജ്യ ഉപയോഗങ്ങൾക്കായി പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളൂ.ബാക്കിയുള്ള 3072 കെട്ടിടങ്ങളിൽ ഏതുതരം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത് എന്ന വിവരം ലഭ്യമായിട്ടില്ല. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനു കാരണമാകുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.14/19.08.2023) ലഭ്യമാക്കിയ മറുപടിയിൽ മിക്ക കെട്ടിട മുറികളിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിച്ച് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-16 തൊഴിൽ നികുതി- അപാകങ്ങൾ

പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ

ഏർപ്പെട്ടുകയും 1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 അനുശാസിക്കുന്ന വേതനം കൈപ്പറ്റുകയും ചെയ്യുന്ന എല്ലാവരും നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്. എന്നാൽ ഓഡിറ്റിനു ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം സർക്കാർ ജീവനക്കാരെയും നാമമാത്രമായ സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരെയും മാത്രമെ തൊഴിൽനികുതി പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളു. 1000-ൽ അധികം വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് എഫ് ടി ഇ & ഒ എസ് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും സർക്കാർ സ്ഥാപനങ്ങളിലെ ഉൾപ്പെടെ ആകെ നൂറ്റി എഴുപതോളം സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും മാത്രമെ തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം നോട്ടീസ് നൽകി നികുതി ഈടാക്കുന്നുള്ളു. 2022-23 കാലയളവിൽ എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്ത വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട തുക മുഴുവനായും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 (സി) പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജോലി ചെയ്യുന്നവരുടെ പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റും അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച ലിസ്റ്റും സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകി വിവരങ്ങൾ ശേഖരിക്കേണ്ടതും വരുമാനം കണക്കാക്കി നിയമാനുസൃതമായ ഇളവുകളില്ലാത്ത എല്ലാ വിഭാഗം ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-17 ലൈസൻസ് ഫീസ് നിശ്ചയിച്ചതിലെ അപാകങ്ങൾ

31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് ( ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ ഉത്പാദന മേഖല, സേവന മേഖല എന്നീ മേഖലകളായി തരം തിരിച്ച് അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, സ്മോൾ, മിനി, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രതിപാദിച്ച പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. ചട്ടപ്രകാരം ഈടാക്കേണ്ട തുക സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ വിഭാഗം | ഈടാക്കാവുന്ന പരമാവധി വാർഷിക ലൈസൻസ് ഫീസ് |
|---|---|---|
| 1 മൈക്രോ എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 25 ലക്ഷം രൂപയിൽ കൂടാത്തത് | 500 |
| സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടാത്തത് | |
| 2 മിനി എന്റർപ്രൈസസ് | | |

| | | |
|---|---|---|
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 25 ലക്ഷം രൂപയിൽ കൂടുതലും 1 കോടി രൂപയിൽ കവിയാത്തതും | 1000 |
| സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടുതലും 50 ലക്ഷം രൂപയിൽ കവിയാത്തതും | |
| 3 സ്മോൾ എന്റർപ്രൈസസ് | | |
| മേഖല | മൂലധന നിക്ഷേപം | |
| ഉത്പാദന മേഖല | 1 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ കവിയാത്തതും | 5000 |
| സേവന മേഖല | 50 ലക്ഷം രൂപയിൽ കൂടുതലും 2 കോടി രൂപയിൽ കവിയാത്തതും | |
| 4 മീഡിയം എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 5 കോടി രൂപയിൽ കൂടുതലും 10 കോടി രൂപയിൽ കവിയാത്തതും | 10000 |
| സേവന മേഖല | 2 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ കവിയാത്തതും | 10000 |
| 5 ലാർജ്ജ് എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 10 കോടി രൂപയിൽ കൂടുതൽ | 15000 |
| സേവന മേഖല | 5 കോടി രൂപയിൽ കൂടുതൽ | |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.3.2018 തീയതിയിലെ 19/2018 നമ്പർ തീരുമാന പ്രകാരം ലൈസൻസ് ഫീസ് താഴെ കൊടുത്തിരിക്കുന്ന പ്രകാരം പുനർനിർണയിക്കാൻ

തീരുമാനിച്ചിട്ടുണ്ട്.

| സേവന മേഖല | ഉത്പാദന മേഖല |
|---|---|
| മൈക്രോ എന്റർപ്രൈസസ് ഒരു ലക്ഷം വരെ മൂലധനം ഉള്ളതിന് -100 രൂപ | മൈക്രോ എന്റർപ്രൈസസ് 5 ലക്ഷം വരെ മൂലധനം ഉള്ളതിന് -200 രൂപ |
| .മൈക്രോ എന്റർപ്രൈസസ് ഒരു ലക്ഷത്തിന് മുകളിൽ രണ്ട് ലക്ഷം വരെ മൂലധനം ഉള്ളത് -200 രൂപ | മൈക്രോ എന്റർപ്രൈസസ് 5 ലക്ഷത്തിന് മുകളിൽ 10 ലക്ഷം വരെ മൂലധനം ഉള്ളതിന് -400 രൂപ |
| .മൈക്രോ എന്റർപ്രൈസസ് 2 ലക്ഷത്തിന് മുകളിൽ 3 ലക്ഷം വരെ മൂലധനം ഉള്ളതിന് -300 രൂപ | മൈക്രോ എന്റർപ്രൈസസ് 10 ലക്ഷത്തിന് മുകളിൽ 25 ലക്ഷം വരെ മൂലധനം ഉള്ളതിന് -500 രൂപ |
| മൈക്രോ എന്റർപ്രൈസസ് 3 ലക്ഷത്തിന് മുകളിൽ 10 ലക്ഷം വരെ മൂലധനം ഉള്ളതിന് -500 രൂപ | |

മിനി എന്റർപ്രൈസസ്, സ്മോൾ എന്റർപ്രൈസസ്, മീഡിയം എന്റർപ്രൈസസ്, ലാർജ്ജ് എന്റർപ്രൈസസ് എന്നീ വിഭാഗത്തിൽ നിന്നും ഈടാക്കേണ്ട ഫീസ് നിശ്ചയിച്ചിട്ടില്ല. ലൈസൻസ് ഫീസ് നിശ്ചയിച്ചതിലെ അപാകങ്ങൾ അടുത്ത ഭരണ സമിതിയിൽ ഉൾപ്പെടുത്തി ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ മേഖല (ഉത്പാദന മേഖല, സേവന മേഖല) പരിഗണിച്ച് ഫീസ് നിർണ്ണയിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ലൈസൻസ് ഫീസ് നിശ്ചയിച്ചതുമായി ബന്ധപ്പെട്ട അപാകങ്ങൾ പരിഹരിച്ച് ഗ്രാമപഞ്ചായത്തിന് വരവ് നഷ്ടം ഉണ്ടാകുന്നത് ഒഴിവാക്കേണ്ടതും തുടർനടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-18 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ- മരുന്നുകൾ ലഭ്യമായിട്ടില്ല-₹316725 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രോജക്ട് നമ്പർ/പേര് | 4/23 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | ₹500000 (റോഡിതര സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹500000 |
| ബിൽ നമ്പർ /തീയതി | 733136/4.11.22 |

“ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ” എന്ന മേൽ പ്രോജക്ട് പ്രകാരം മരുന്നു വാങ്ങുന്നതിനായി ₹500000 ഹോംകോയുടെ 34306403911 നമ്പർ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. ₹183275യുടെ മരുന്നുകൾ TAX INVOICE നമ്പർ എൽ.എഫ് 332/21-06-23 പ്രകാരം ലഭ്യമായിട്ടുണ്ട്. കുറവ് വന്ന ₹316725യുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടോ എന്നതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (11/18.08.23) മറുപടി നല്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ₹316725 തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഒറിജിനൽ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ സഹിതം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 അഴീക്കോട് എസ് സി ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ-മരുന്ന് ലഭ്യമായിട്ടില്ല-₹58293 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| പ്രോജക്റ്റ് നമ്പർ/ പേര് | 6/23 അഴീക്കോട് എസ് സി ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ |
| അടങ്കൽ | ₹150000 (റോഡിതര സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | ₹150000 |
| ബിൽ നമ്പർ /തീയതി | 733131/4.11.22 |

അഴീക്കോട് എസ് സി ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ എന്ന മേൽ പ്രോജക്റ്റ് പ്രകാരം മരുന്ന വാങ്ങുന്നതിനായി ₹150000 ഹോംകോയുടെ 34306403911 നമ്പർ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. ₹91707യുടെ മരുന്നുകൾ TAX INVOICE നമ്പർ എൽ.എഫ് 436/04-07-23 പ്രകാരം ലഭ്യമായിട്ടുണ്ട്. കുറവ് വന്ന ₹58293 യുടെ മരുന്ന് ലഭ്യമായിട്ടില്ല. ഒറിജിനൽ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ സഹിതം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ₹58293 തടസ്സപ്പെടുത്തുന്നു. മേൽ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 മെഡിക്കൽ ഓഫീസർ, സി എച്ച് സി നിർവഹണം നടത്തിയ പദ്ധതികളിലെ അപാകങ്ങൾ -₹548277 തടസ്സപ്പെടുത്തുന്നു.

| | | | |
|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി എച്ച് സി | | |
| പ്രോജക്റ്റ് നമ്പർ, പേര് | 270/23, ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണയ സൗകര്യം ഏർപ്പെടുത്തൽ | 328/23, ആശുപത്രിയിലേക്ക് മരുന്നുകൾ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ | 10/23, ആർദ്രം ജനകീയ ക്യാമ്പ് വാഹന വാടക |
| അടങ്കൽ | ₹465834 വികസന ഫണ്ട്- പൊതു വിഭാഗം | ₹330000 വികസന ഫണ്ട്- പൊതു വിഭാഗം | ₹ 40000- വികസന ഫണ്ട്- പൊതു വിഭാഗം |
| ചെലവ് | ₹208396: 459/27.03.23 | ₹316281: 456/28.03.23 | ₹40000 : 1514380/28.03.23 |

| | | | |
|---|---|---|---|
| | (ACR പ്രകാരം) | (ACR പ്രകാരം) | |

1. 2022-23 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ, സി എച്ച് സി നിർവ്വഹണം നടത്തിയ 270/23 നമ്പർ പദ്ധതിക്ക് സുലേഖ ചെലവ് പത്രിക പ്രകാരം ₹208396 ചെലവുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയുടെ ചെലവ് രേഖകളും വൗച്ചറുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
2. 2022-23 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ, സി എച്ച് സി നിർവ്വഹണം നടത്തിയ 328/23 നമ്പർ പദ്ധതിക്ക് സുലേഖ ചെലവ് പത്രിക പ്രകാരം ₹316281 ചെലവുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയുടെ ചെലവ് രേഖകളും വൗച്ചറുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകളും വൗച്ചറുകളും ലഭ്യമാക്കാത്ത സാഹചര്യത്തിൽ 328/23 നമ്പർ പദ്ധതിയുടെ ചെലവ് തുകയായ ₹208396യും 328/23 നമ്പർ പദ്ധതിയുടെ ചെലവ് തുകയായ ₹316281യും തടസ്സപ്പെടുത്തുന്നു.
3. 2022-23 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ, സി എച്ച് സി നിർവ്വഹണം നടത്തിയ 10/23 നമ്പർ പദ്ധതിക്ക് സുലേഖ ചെലവ് പത്രിക പ്രകാരം ₹40000 ചെലവുണ്ട്. എന്നാൽ ₹16400യുടെ ചെലവ് രേഖകൾ മാത്രമെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളു. ബാക്കിയുള്ള ₹23600 യുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ 23/21.08.23 നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളും വൗച്ചറുകളും ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുകയായ ₹23600 തടസ്സപ്പെടുത്തുന്നു.

മേൽപ്പറഞ്ഞ പദ്ധതികളുടെ ആകെ ചെലവ് തുകയായ ₹548277 തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 ജീവിതശൈലി രോഗ നിയന്ത്രണ മെഡിക്കൽ ക്യാമ്പും ബോധവല്ക്കരണവും-സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല-₹31650 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി എച്ച് സി |
| പ്രോജക്ടിന്റെ നമ്പർ, പേര് | 8/23, ജീവിതശൈലി രോഗ നിയന്ത്രണ മെഡിക്കൽ ക്യാമ്പും ബോധവല്ക്കരണവും |
| അടങ്കൽ | ₹45000 വികസന ഫണ്ട്- പൊതു വിഭാഗം |
| ചെലവ് | ₹1710 ബിൽ നം : 1480683/25-03-23<br>₹11640 ബിൽ നം : 1356564/15-03-23<br>₹31650 ബിൽ നം : 990352/25-2-23<br>ആകെ - ₹45000 |

മേൽ പ്രൊജക്ട് പ്രകാരം ജീവിതശൈലി രോഗ നിയന്ത്രണ മെഡിക്കൽ ക്യാമ്പും ബോധവല്ക്കരണവും നടത്തുന്നതിന്റെ ഭാഗമായി ഉപകരണങ്ങൾ വാങ്ങുന്നതിനായി ₹31650 (ബിൽ നം: 990352/25-2-23) ചെലവഴിച്ച് ശ്രീരാജ് സർജിക്കൽസ്, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയും പ്രകാരം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ | ഉപകരണം | എണ്ണം | തുക |
|---|---|---|---|

| | | | |
|---|---|---|---|
| നമ്പർ | | | (Excluding GST) |
| 1 | ബി പി അപ്പാരറ്റസ് | 1 | 1875 |
| 2 | ഡിജിറ്റൽ ബി പി അപ്പാരറ്റസ് | 2 | 5000 |
| 3 | ഗ്ലൂക്കോ മീറ്റർ മെഷീൻ | 3 | 1785 |
| 4 | ഗ്ലൂക്കോ മീറ്റർ സ്ട്രിപ്പ് | 30 | 17410 |
| 5 | സ്റ്റാറ്റസ് മീറ്റർ | 1 | 381 |
| 6 | വെയിംഗ് മെഷീൻ | 1 | 1694 |
| ആകെ | | ₹28145+₹3505 GST | |

ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ 25/21-8-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിലും രേഖകളുടെ അഭാവത്താലും ₹31650 തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 പാലിയേറ്റീവ് പരിചരണ പദ്ധതി- ₹99300 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി എച്ച് സി |
| പ്രോജക്ടിന്റെ നമ്പർ, പേര് | 3/23, പാലിയേറ്റീവ് പരിചരണ പദ്ധതി |
| അടങ്കൽ | ₹1300000 വികസന ഫണ്ട്- പൊതു വിഭാഗം<br>₹300000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹100000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ -₹1700000 |
| ചെലവ് | ₹850473 വികസന ഫണ്ട്- പൊതു വിഭാഗം<br>₹319268 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹88770 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ - ₹1258511 |
| ബിൽ നമ്പർ | ₹99300 ബിൽ നം : 745801/08-11-22 |

മേൽ പ്രൊജക്ട് പ്രകാരം പാലിയേറ്റീവ് പരിചരണ പദ്ധതി നടത്തുന്നതിന്റെ ഭാഗമായി ഉപകരണങ്ങൾ വാങ്ങുന്നതിനായി ₹99300 (ബിൽ നം.745801/08-11-22) ചെലവഴിച്ച് ശ്രീരാജ് സർജിക്കൽസ്, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയും പ്രകാരം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ഉപകരണം | എണ്ണം | തുക (Excluding GST) |
|---|---|---|---|

| | | | |
|---|---|---|---|
| 1. | എയർ ബെഡ് | 1 | 44642 |
| 2. | ബാക്ക് റസ്റ്റ് പൗഡർ കോട്ടഡ് | 3 | 4830 |
| 3. | ഫൈബർ ചെയർ | 9 | 6483 |
| 4 | വീൽ ചെയർ | 1 | 9047 |
| 5 | വാക്കർ | 10 | 18095 |
| 6 | വാക്കിംഗ് സ്റ്റിക്ക് | 8 | 6476 |
| 7. | യൂറിനൽ | 19 | 580 |
| ആകെ | | ₹90155 + ₹9145 GST | |

ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 26/21-8-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ₹99300യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് വിതരണം- ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടില്ല - ₹494208 തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | |
| പ്രോജക്ട് നമ്പർ | 277/23 | 276/23 |
| പ്രോജക്ടിന്റെ പേര് | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് വിതരണം | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് വിതരണം |
| അടങ്കൽ<br>ആകെ | ₹300000 വികസനഫണ്ട്<br>₹150000 തനത്ഫണ്ട്<br>₹450000 | ₹200000 വികസനഫണ്ട്<br>₹100000 തനത്ഫണ്ട്<br>₹300000 |
| ചെലവ്<br>ആകെ | ₹300000<br>ബിൽ നമ്പർ 1220394/21.02.2023<br>₹118176/ചെക്ക് നമ്പർ: 6564454/07.03.23<br>₹418176 | ₹76032,<br>ബിൽ നമ്പർ 1309101/08.03.23 |

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവഹണം ചെയ്ത മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് വിതരണം എന്ന പദ്ധതി (പ്രോജക്ട് നമ്പർ-277/23) പ്രകാരം 11 ലാപ്ടോപ്പുകളുടെ വിലയായ ₹418176 യും (പ്രഫോർമ ഇൻവോയ്സ് -TVM/ITBG /P1/RC/46229/18.02.23), പ്രോജക്ട് നമ്പർ-276/23 പ്രകാരം 2 ലാപ്ടോപ്പുകളുടെ വിലയായ

₹76032 യും (പ്രഫോർമ ഇൻവോയ്സ് TVM/ITBG/P1/RC/46646/19.10.23) കേരള സ്റ്റേറ്റ് ഐ.ടി മിഷന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ലാപ്ടോപ്പ് ലഭിച്ചതിന്റെയോ വിതരണം ചെയ്തതിന്റെയോ രേഖകൾ ലഭ്യമല്ല. ലാപ്ടോപ്പ് വാങ്ങുന്നതുമായി ബന്ധപ്പെട്ട് നിർവഹണ ഉദ്യോഗസ്ഥൻ കെൽട്രോണുമായി യാതൊരു കരാറിലും ഏർപ്പെട്ടിട്ടില്ല. കരാറിന്റെ അഭാവത്തിൽ വെറുമൊരു പ്രൊഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിലാണ് തുക മാറി കെൽട്രോണിന് നൽകിയിട്ടുള്ളത്. കെൽട്രോണിൽ നിന്ന് ലാപ്ടോപ്പുകൾ വിതരണം ചെയ്യുകയോ ആയതിന് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (30/22.08.23) മറുപടി നല്കിയിട്ടില്ല. ₹494208 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 ലൈഫ് ഭവന നിർമ്മാണ പദ്ധതി - പൂർത്തീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട ഗുണഭോക്തൃ രജിസ്റ്ററിന്റെ പരിശോധനയിൽ ലളിത പി, (ഹാജി ലൈൻ ക്വാട്ടേഴ്സ്, പടിഞ്ഞാറെ മൊട്ട) എന്ന ഗുണഭോക്താവിന് ചുവടെ ചേർത്ത പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ഗഡു | അനുവദിച്ച തുക | തീയതി |
|---|---|---|
| I | ₹40000 | 14.1.2021 |
| II | ₹160000 | 1.3.2021 |
| III | ₹50000 | 23.10.2021 |
| IV | ₹50000 | 21.12.2021 |
| ആകെ | ₹300000 | |

ടി ഗുണഭോക്താവിന്റെ ഭവന നിർമ്മാണം ഏത് ഘട്ടം വരെയായിയെന്നും ₹300000 കൈമാറി ഒരു വർഷം കഴിഞ്ഞിട്ടും തുടർന്നുള്ള ഗഡുക്കൾ അനുവദിക്കാതിരുന്നതിന്റെ കാരണം അറിയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/19.8.2023 ന് ലഭ്യമാക്കിയ മറുപടിയിൽ 2022-23 വർഷം തന്നെ ടി ഗുണഭോക്താവ് വീട് പണി പൂർത്തീകരിച്ചുവെന്നും കെട്ടിടനമ്പറിന് അപേക്ഷ സമർപ്പിച്ചപ്പോൾ സ്ഥലം CRZ ൽ വരുന്നതിനാൽ കെട്ടിട നമ്പർ ലഭിച്ചിട്ടില്ലെന്നും കെട്ടിട നമ്പർ ലഭിക്കുന്ന മുറയ്ക്ക് അവസാന ഗഡു അനുവദിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്.

## 1-25 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് - രേഖകളുടെ അഭാവത്തിൽ ₹715000 തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി | |
| പ്രോജക്ട് നം. & പേര് | 102/23, പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് | |
| അടങ്കൽ | ₹715000 (വികസന ഫണ്ട് – എസ് സി പി) | |
| ചെലവ് | ₹715000 | |
| ബിൽ നം., തീയതി & തുക | 103/13.11.2022 | ₹280000 |
| | 122/5.12.2022 | ₹270000 |
| | 359/15.3.2023 | ₹165000 |

മേൽ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 34 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. സ്കോളർഷിപ്പ് അനുവദിച്ചതിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സ.ഉ (കൈ)നം.115/2022/തസ്വഭവ തീയതി 28.5.2022ലെ 7.2.4 (1)ലെ ക്രമ നം. 7 പ്രകാരം പ്ലസ് 2 ന് ശേഷമുള്ള സർക്കാർ അംഗീകൃത കോഴ്സുകൾക്ക് ₹15000 ആണ് സ്കോളർഷിപ്പ് ആയി അനുവദിക്കേണ്ടത്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള വിദ്യാർത്ഥിനികൾക്ക് ₹20000 വീതം തുക അനുവദിക്കുക വഴി ₹10000 (₹5000 വീതം) അധികം അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | പേര് | കോഴ്സ് / സ്ഥാപനം | അനുവദിച്ച സ്കോളർഷിപ്പ് | അനുവദിക്കേണ്ടത് | അധികം അനുവദിച്ചത് |
|---|---|---|---|---|---|
| 1 | കാവ്യ എ | ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ/മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ | ₹20000 | ₹15000 | ₹5000 |
| 2 | ഗോപിക ടി | ഡിപ്ലോമ ഇൻ മെഡിക്കൽ ലാബ് ടെക്നോളജി/ എകെജി കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസസ് | ₹20000 | ₹15000 | ₹5000 |

1. അഭിജിത്ത് പി, BA LLB, എന്ന വിദ്യാർത്ഥി സ്കോളർഷിപ്പിനുള്ള അനുബന്ധ രേഖകളോടോപ്പം സമർപ്പിച്ച റേഷൻകാർഡിന്റെ പകർപ്പ് പ്രകാരം തദ്ദേശ സ്ഥാപനം പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത് ആണ്. അഴീക്കോട് ഗ്രാമ പഞ്ചായത്തിൽ സ്ഥിര താമസമുള്ളവർക്കാണ് ധനസഹായത്തിന് അർഹത.

2. ഹരിത കെ, പ്രിൻഷ ഇ, പ്രന്യ വേണു, അക്ഷയ ടി എന്നീ വിദ്യാർത്ഥിനികൾ അഴീക്കോട് ഗ്രാമ പഞ്ചായത്തിൽ സ്ഥിര താമസക്കാരാണെന്ന് തെളിയിക്കുന്ന രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല.

3. സ്കോളർഷിപ്പ് അനുവദിച്ചിട്ടുള്ള 34 വിദ്യാർത്ഥികൾക്കും പട്ടികജാതി വികസന വകുപ്പിൽ

നിന്നും ഇതേ സ്കോളർഷിപ്പ് അനുവദിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

മേൽ പരാമർശങ്ങൾക്ക് മറുപടി/രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 27/21.8.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ ചെലവ് തുകയായ ₹715000 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. രണ്ടു പേർക്ക് അധികം നൽകിയ തുക വിദ്യാർത്ഥികളുടെ അടുത്ത വർഷത്തെ സ്കോളർഷിപ്പിൽ നിന്ന് കുറവ് ചെയ്തു വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം - രേഖകൾ ഹാജരാക്കിയിട്ടില്ല - ₹75000 തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യാഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി | |
| പ്രോജക്ട് നം. & പേര് | 98/23, പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം | |
| അടങ്കൽ | ₹750000 (വികസന ഫണ്ട് -എസ് സി പി) | |
| ചെലവ് | ₹750000 | |
| ബിൽ നം. , തീയതി & തുക | 102/13.11.2022 | ₹375000 |
| | 158/30.12.2022 | ₹125000 |
| | 361/15.3.2023 | ₹125000 |
| | 477/28.3.2023 | ₹125000 |

പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതാണ് പദ്ധതി. ടി പദ്ധതി പ്രകാരം 8 ഗുണഭോക്താക്കൾക്ക് (5 പേർക്ക് ₹75000 വീതവും 3 പേർക്ക് ₹125000 വീതവും) ധനസഹായം അനുവദിച്ചിട്ടുണ്ട്. അഴീക്കോട് ഗ്രാമ പഞ്ചായത്തിലെ സ്ഥിര താമസക്കാർക്കാണ് പദ്ധതി ആനുകൂല്യത്തിന് അർഹത. മേൽ ഗുണഭോക്താക്കളിൽ ചന്ദ്രഭാനു കെ, അമ്പായി, പള്ളിക്കുന്നമ്പ്രം, അഴീക്കോട് എന്ന ഗുണഭോക്താവ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള റേഷൻ കാർഡ് പ്രകാരം കണ്ണൂർ കോർപ്പറേഷനിലെ താമസക്കാരനാണ്. ടിയാൾക്ക് കണ്ണൂർ കോർപ്പറേഷനിൽ നിന്നും പട്ടികജാതി വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്നതിന്റെയും ഈ പഞ്ചായത്തിലെ സ്ഥിര താമസക്കാരനാണെന്ന് തെളിയിക്കുന്ന രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 29/21.8.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ടി ഗുണഭോക്താവിന് അനുവദിച്ച ₹75000 (ബിൽ നം.102/13.11.2022) തടസ്സപ്പെടുത്തുന്നു. അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 ഐ.കെ. എം.വിഹിതം നൽകൽ- വിനിയോഗസാക്ഷ്യ പത്രം ലഭ്യമായിട്ടില്ല ₹155830-ചെലവ് തടസ്സപ്പെടുത്തുന്ന

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതിയുടെ പേര് | ഐ.കെ. എം.വിഹിതം നൽകൽ |
| പ്രൊജക്ട് നം | 80/23 |

| | |
|---|---|
| അടങ്കൽ | ₹161320 (വികസന ഫണ്ട് ) |
| ചെലവ് | ₹155830 |
| ബിൽ നം./ തീയതി | 37/20.08.22 |

ഐ കെ എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ കെ എം ന് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് മേൽ ബിൽ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയതിനാൽ ₹155830യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 കോക്ലിയർ ഇംപ്ലാന്റേഷന് ധന സഹായം- വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല -₹100000 തടസ്സപ്പെടുത്തുന്നു

ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയ കോക്ലിയർ ഇംപ്ലാന്റേഷൻ ചെയ്ത കുട്ടികൾക്ക് ഉപകരണങ്ങളുടെ റിപ്പയറിംഗ് ധനസഹായം-സാമൂഹ്യ സുരക്ഷ മിഷന് ഫണ്ട് കൈമാറൽ എന്ന പദ്ധതി പ്രകാരം അഴീക്കോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13.10.2022 തീയതിയിലെ 249/22 നമ്പർ തീരുമാന പ്രകാരം മഹറ ഉസാമ, കോയലേൻ വീട്, കപ്പക്കടവ്, മുഹമ്മദ് ഹംദാൻ ഇ വി, വെളുത്തേങ്ങാടൻ വീട്, കാപ്പുംകര എന്നീ വിദ്യാർത്ഥികൾക്ക് ഉപകരണം റിപ്പയർ ചെയ്യുന്നതിന് ₹100000 സാമൂഹ്യ സുരക്ഷാ മിഷന് (അക്കൗണ്ട് നമ്പർ-70101140000134) കൈമാറിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പറും പേരും | 155/22-23 കോക്ലിയർ ഇംപ്ലാന്റേഷൻ ചെയ്ത കുട്ടികൾക്ക് ഉപകരണങ്ങളുടെ റിപ്പയറിംഗ് ധനസഹായം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| അടങ്കൽ തുക | ₹100000 (വികസന ഫണ്ട്) |
| ചെലവ് | ₹100000 |
| ബിൽ നമ്പരും തീയതിയും | 776443 തീ. 15.11.22 |

സ.ഉ.(സാധാ)നം.426/2019/തസ്വഭവ, 26.02.19 ഉത്തരവ് പ്രകാരം കോക്ലിയർ ഇംപ്ലാന്റ് ചെയ്ത കുട്ടികളുടെ ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിന് ഒരു കുട്ടിക്ക് ₹50000 നിരക്കിൽ സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. മേൽ പദ്ധതിയിൽ രണ്ട് പേർ ഗുണഭോക്താക്കളായിട്ടുണ്ട്. എന്നാൽ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ തുക കൈപ്പറ്റിയതിന്റെ രേഖ, വിനിയോഗ സാക്ഷ്യപത്രം, വിദ്യാർത്ഥിയുടെ ഉപകരണങ്ങൾ റിപ്പയർ ചെയ്തതിന്റെ രേഖ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 32/22.08.23) നൽകിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ആയത് ഹാജരാക്കേണ്ടതാണ്. ₹100000 രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഉൾപ്പെടെ ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 അങ്കണവാടി പോഷകാഹാരം - അമൃതം ന്യൂട്രിമിക്സ് തുകയിൽ നിന്നും ജിഎസ് ടി-ടിഡിഎസ് കുറവ് ചെയ്തിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | ഐസിഡിഎസ് സൂപ്പർവൈസർ |
| പ്രോജക്ട് നം. & പേര് | 16/23, അങ്കണവാടി പോഷകാഹാരം |
| അടങ്കൽ | ₹3600000 (വികസന ഫണ്ട്)<br>₹1700000 (കേന്ദ്ര ഫണ്ട്)<br>--------------------------<br>₹53,00,000 |
| ചെലവ് | ₹3600000 (വികസന ഫണ്ട്)<br>₹902482 (കേന്ദ്ര ഫണ്ട്)<br>---------------------------------<br>₹45,02,482 |

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്യുതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ 45 അങ്കണവാടികൾക്കായി ദയ ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും വാങ്ങിയ അമൃതം ന്യൂട്രിമിക്സിന്റെ തുകയിൽ നിന്നും ടിഡിഎസ് ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയിസ് നം. & തീയതി | തുക (ജി എസ് ടി ഒഴികെയുള്ള തുക) (₹) | ബിൽ നം./തീയതി & തുക |
|---|---|---|---|
| 1 | 72/05.05.2022 | ₹177187 | 179340/07.06.2022, ₹193636 |
| 2 | 74/04.09.2022 | ₹176478 | 516881/06.09.2023, ₹212866 |
| 3 | 75/12.10.2022 | ₹174116 | 711434/31.10.2022, ₹190282 |
| 4 | 78/10.11.2022 | ₹169863 | 1047423/16.01.2023, ₹518448 |
| 5 | 80/05.12.2022 | ₹161122 | 1047423/16.01.2023 ₹518448 |
| 6 | 83/05.01.2023 | ₹162776 | 1047423/16.01.2023 ₹518448 |
| 7 | 87/04.02.2023 | ₹161122 | 1160179/08.02.2023 ₹540542 |
| 8 | 92/04.03.2023 | ₹163012 | 1)009517/30.03.2023 ₹581048<br>2) 362526/15.03.2023 ₹45432 |
| | ആകെ | ₹1345676 | |

മേൽ തുകയിൽ നിന്നും ടിഡി എസ് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.38/22.08.2023ന് മറുപടിയിൽ

പുതിയ സാമ്പത്തിക വർഷം മുതൽ ടി.ഡി.എസ്. ഈടാക്കാം എന്നാണ് അറിയിച്ചിട്ടുള്ളത്. സർക്കാർ നിർദ്ദേശാനുസരണം സ്രോതസ്സിൽ നിന്നും നിയമാനുസൃത ടി.ഡി.എസ്. തുക ഈടാക്കിയതിനു ശേഷം ബിൽ തുക കൈമാറാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ / പേര് | 83/23 കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹3,75,000വികസന ഫണ്ട് പൊതുവിഭാഗം<br>₹3,75,000ഗുണഭോക്തൃ വിഹിതം നേരിട്ട്<br>ആകെ : ₹7,50,000 |
| ചെലവ് | ₹3,75,000ബിൽ നമ്പർ/തീയതി : 22190152009501376935/16-03-2023 |

മേൽ പദ്ധതി പ്രകാരം അഴീക്കോട് ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുത്ത30ക്ഷീരകർഷകരുടെ 4-6 മാസം പ്രായമുള്ള കന്നുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുക വഴി വളർന്നുവരുന്ന കിടാരികളുടെ പ്രത്യുൽപാദനശേഷിയും പാലുത്പാദനവും വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം കാലിത്തീറ്റ വിതരണം ചെയ്യാൻ അഴീക്കോട് ക്ഷീരോത്പാദക സഹകരണ സംഘത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം ₹375000 എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർക്ക് (TSB A/c No.7190110000003) കൈമാറിയിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-31 എ ബി സി പദ്ധതിക്കായി ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ- വിനിയോഗവിവരം ലഭ്യമാക്കിയില്ല 100000.രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 298/23 |
| പ്രോജക്ടിന്റെ പേര് | എ ബി സി പദ്ധതിക്കായി ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ |
| അടങ്കൽ | 100000 വികസനഫണ്ട് പൊതുവിഭാഗം |
| ചെലവ് | ₹100000 |
| ബിൽ നമ്പർ & തീയതി, തുക | 22190152009401309052/08.03.2023 |

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ 2065/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ല പഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും സംയുക്ത പ്രൊജക്റ്റായാണ് എ ബി സി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും ഇതിനുള്ള വിഹിതം ജില്ലാപഞ്ചായത്തിന് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 100000 രൂപ ഗ്രാമപഞ്ചായത്ത് കണ്ണൂർ ജില്ലാപഞ്ചായത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്തതിനാൽ (എൻക്വയറി നം. 17/19.8.2023) 100000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 തെരുവ് വിളക്ക് ലൈൻ വലിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. 3759056 രൂപയുടെ ചെലവ് തടസ്സപ്പടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നമ്പർ / പേര് | 1/23 തെരുവ് വിളക്ക് ലൈൻ വലിക്കൽ |
| അടങ്കൽ | ₹3500000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്. |
| ചെലവ് | ₹3500000 ബിൽ നമ്പർ / തീയതി :404/20.03.23 |
| | പ്രോജക്റ്റിൽ വകയിരുത്താതെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക -- ₹ 259056 (ബിൽ നം 1076/ 29.03.23) ആകെ ചെലവ്-- ₹3759056 |

തെരുവ് വിളക്ക് ലൈൻ വലിക്കൽ എന്ന മേൽ പദ്ധതിയുടെ ഭാഗമായി കെ.എസ്.ഇ.ബി യുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള ₹3759056 വൈദ്യുത വിഭാഗത്തിന് മേൽ ബിൽ പ്രകാരം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി പ്രോജക്റ്റ് പ്രകാരം ആകെ വകയിരുത്തിയ തുക ₹3500000 (ധനകാര്യ കമ്മീഷൻ അവാർഡ്) മാത്രമാണ്. ആയതിനാൽ ബാക്കി തുകയായ ₹259056 ബിൽ നം 1076/ 29.03.23 പ്രകാരം തനതു ഫണ്ടിൽ നിന്നുമാണ് ഭരണ സമിതി തീരുമാന (നമ്പർ. 1/23 തീ 25.03.23) പ്രകാരം അടവാക്കിയിട്ടുള്ളത് .

പ്രസ്തുത പ്രവൃത്തിയുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് / തുകയുടെ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കുന്നതുമായി ബന്ധപ്പട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള ( 18/19-08-2023 ) ല മറുപടിയിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു എന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം/വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാകാത്തതിനാൽ 3759056 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തിയാക്കുന്ന മുറക്ക് പൂർത്തീകരണ വിവരം/വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി ക്ക് തുക ഒടുക്കൽ -രേഖകൾ ലഭ്യമാക്കിയില്ല ₹223024യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 134/23ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി ക്ക് തുക ഒടുക്കൽ |
| അടങ്കൽ | ₹250000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്. |
| ചെലവ് | ₹223024 (ചെക്ക് നം.009512/14.03.23) |

ഗതാഗതത്തിന് തടസ്സം നിൽക്കുന്നതും കാലപ്പഴക്കം കാരണം പൊട്ടിപ്പോകാൻ സാധ്യതയുള്ളതുമായ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക കെ.എസ്.ഇ.ബി.യിൽ ഒടുക്കുന്നതിനുള്ള പദ്ധതിയാണിത്. ആയതു പ്രകാരം പദ്ധതി നടപ്പാക്കുന്നതിനായി മേൽ ബിൽ പ്രകാരം തുക കെ.എസ്.ഇ.ബി.ക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിക്കായി തുക അനുവദിച്ചപ്പോൾ കെ.എസ്.ഇ.ബിയുമായുള്ള കരാറിന്റെ വിശദാംശങ്ങൾ, പ്രവൃത്തിയുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ്/തുകയുടെ വിനിയോഗ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുക ₹223024 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 തൊഴിലുറപ്പ് ജോലിക്കാർക്ക് ഫസ്റ്റ് എയ്ഡ് കിറ്റ്-സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല-₹ 50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി എച്ച് സി |
| പ്രോജക്ടിന്റെ നമ്പർ, പേര് | 11/23, തൊഴിലുറപ്പ് ജോലിക്കാർക്ക് ഫസ്റ്റ് എയ്ഡ് കിറ്റ് |
| അടങ്കൽ | ₹50000 വികസന ഫണ്ട് പൊതു വിഭാഗം |
| ചെലവ് | ₹50000 ബിൽ നം : 937408/20-12-22 |

മേൽ പ്രൊജക്ട് പ്രകാരം 23 വാർഡുകളിലെയും MGNREGS തൊഴിലാളികൾക്ക് ഫസ്റ്റ് എയിഡ് കിറ്റ് വിതരണം ചെയ്യുന്നതിനായി ₹24950 ചെലവഴിച്ച് അഴീക്കോട് സർവീസ് കോ: ഓപറേറ്റീവ് സൊസൈറ്റിയിൽ നിന്നും മരുന്നും, ₹960 ചെലവഴിച്ച് അക്ഷയ് പ്രിന്റേർസ്, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും ഫസ്റ്റ് എയിഡ് കിറ്റ് സ്റ്റിക്കറുകളും, ₹ 24950 ചെലവഴിച്ച് പ്ലാസ്റ്റാ, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും 24 ഹൗസ് ഹോൾഡ് ഗ്ലൗവ്, 200 യൂട്ടിലിറ്റി ഗ്ലൗവ്, 13 പ്ലാസ്റ്റിക്ക് ബക്കറ്റുകൾ എന്നിവയും വാങ്ങിയിട്ടുണ്ട്. ഓരോ ഫസ്റ്റ് എയിഡ് കിറ്റിലും ഏതൊക്കെ മരുന്നുകൾ/ഉപകരണങ്ങൾ എത്ര വീതമാണുള്ളതെന്നും അവ വിതരണം ചെയ്തതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്കിലെടുത്തതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ 24/21-8-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിലും രേഖകളുടെ അഭാവത്താലും ₹ 50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-35 തനത് വരുമാന വർദ്ധനവ് -അവലോകനം

01-04-2022 മുതൽ 31-03-2023 വരെ അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 21 യോഗങ്ങൾ ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചപ്പോൾ 06-03-2023 തീരുമാന നമ്പർ 22/2023 പ്രകാരം വസ്തു നികുതി സംബന്ധിച്ചും വസ്തു നികുതി പുരോഗതി സംബന്ധിച്ചും ചർച്ച ചെയ്തിട്ടുണ്ട്. 06-03-2023ലെ 28/2023 നമ്പർ തീരുമാന പ്രകാരം 2023-24 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് 2023-24 വർഷത്തിൽ പ്രതീക്ഷിക്കാവുന്ന പദ്ധതിയേതര വരവുകളും അനിവാര്യ ചെലവുകളും വാർഷിക ബജറ്റിൽ ഉൾപ്പെടുത്തി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനത് വരുമാനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലേയോ തന്നാണ്ടിലേയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നില്ലെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കിയതായി കാണുന്നില്ല. മാത്രമല്ല ബജറ്റും വരവുകളുമായുള്ള അന്തരവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചതായി കാണുന്നില്ല. നിശ്ചിത ഇടവേളകളിൽ വിവിധയിനം നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്-പിരിവ് പുരോഗതി സംബന്ധിച്ച അവലോകന യോഗങ്ങൾ ചേരുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കെട്ടിട നിർമ്മാണം, മാലിന്യ സംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വസ്തു നികുതി

സ.ഉ.(കൈ)നം.77/2023/തസ്വഭവ, 22-03-2023 പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശം പാലിച്ച് കരട് വിജ്ഞാപനം ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റിയുടെ ശിപാർശയോടെ ഭരണസമിതി (1/23/20-06-2023) അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പുതിയ വസ്തു നികുതി നിരക്കുകളുടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയോ സോഫ്റ്റ്‌വെയർ അപ്ഡേഷന് ചെയ്യുകയോ അപാകതകൾ പരിഹരിക്കുകയോ ചെയ്തിട്ടില്ല. നിലവിൽ പുതിയ നിരക്കിൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. പഞ്ചായത്തിൽ നിലവിൽ IKM സഞ്ചയ സോഫ്റ്റ്‌വെയർ അപ്ഡേറ്റ് ചെയ്ത 5 % അധിക നികുതിയാണ് ഈടാക്കുന്നത് (ഭരണസമിതി തീരുമാന നമ്പർ 10/10/23(1)/ 24-05-2023). പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേഖലാ വിഭജനം പുനർവിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ 2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

കെട്ടിട നിർമ്മാണം, മാലിന് യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട്

ചെയ്യേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നത് യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. 01-06-2022 ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം വരവിനങ്ങളുടെ കുടിശ്ശികയും, കുടിശ്ശിക കാലയളവും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

<u>അനധികൃത നിർമാണം</u>

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർനടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി എടുക്കുന്നില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ്തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നില്ല. ഇത്തരത്തിൽ തനത് വരുമാനവർദ്ധവിനുതകുന്ന നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ആയതിന്മേൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ അറിവോടുകൂടിയല്ലാത്ത കെട്ടിടങ്ങളുടെ നിർമ്മാണം യഥാസമയം കണ്ടെത്തി നടപടിയെടുക്കുകയെന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. പഞ്ചായത്തിന്റെ അറിവോടുകൂടിയല്ലാത്ത കെട്ടിടങ്ങളുടെ അധിക നിർമ്മിതി ഗ്രമപഞ്ചായത്ത് അറിഞ്ഞു നടപടി സ്വീകരിക്കുന്നതിൽ വീഴ്ച സംഭവിക്കുന്നുണ്ട്. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 730 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഫീൽഡ് പരിശോധന നടത്തി അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടങ്കിൽ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. ഗ്രാമ

പഞ്ചായത്തിൽ കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. ഊഖണ്ഡിക നമ്പർ 1-14 ഇത്തരത്തിലുള്ള കെട്ടിടങ്ങളുടെ ചില ഉദാഹരണങ്ങൾ ചേർത്തിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ പതിനേഴാം വാർഡിന്റെ അസസ്സ്മെന്റ് റിപ്പോർട്ട് പരിശോധിച്ചതിന്റെ വിശദാംശങ്ങൾ മാത്രമാണ് പ്രസ്തുത ഖണ്ഡികയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മറ്റു വാർഡുകളിൽ ഇത്തരത്തിലുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ ആയവ കണ്ടെത്തി നടപടികൾ സ്വീകരിക്കേണ്ടതാണ്.

സേവന ഉപനികുതി

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപപ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ഏർപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സേവന ഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

FTE&OS ലൈസൻസ്

FTE&OS ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കുന്നുണ്ടെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പു വരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.2.2018 തീയതിയിലെ 1/56/2018 നമ്പർ തീരുമാന പ്രകാരം ലൈസൻസ് ഫീസ് പുനർനിർണയിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ മിനി എന്റർപ്രൈസസ്, സ്മോൾ എന്റർപ്രൈസസ്, മീഡിയം എന്റർപ്രൈസസ്, ലാർജ്ജ് എന്റർപ്രൈസസ് എന്നീ വിഭാഗത്തിൽ നിന്നും ഈടാക്കേണ്ട ഫീസ് നിശ്ചയിച്ചിട്ടില്ല. നല്ല മുതൽ മുടക്കുള്ള വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ ഫീൽഡ് പരിശോധനയിൽ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 കാർഷിക യന്ത്രവൽക്കരണം - പദ്ധതികൾ- നടത്തിപ്പിലെ അപാകങ്ങൾ- ₹1638000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

എ) കാർഷിക യന്ത്രവൽക്കരണം – ജനറൽ ഗ്രൂപ്പുകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ / പേര് | 134/23 കാർഷിക യന്ത്രവൽക്കരണം-ജനറൽ ഗ്രൂപ്പുകൾ |

| | |
|---|---|
| അടങ്കൽ | ₹858000 (വികസന ഫണ്ട്- ജനറൽ വിഹിതം)<br>₹99000 (ഗുണഭോക്തൃ വിഹിതം) |
| ചെലവ് | ₹858000 (വികസന ഫണ്ട് -ജനറൽ വിഹിതം)<br>₹99000 (ഗുണഭോക്തൃ വിഹിതം) |
| ബിൽ നമ്പർ/തീയതി | 22190152024601194336/15.02.2023 ₹575000<br>22190152024601360561/15.03.2023 ₹283000<br>വൗച്ചർ നം.22201300/31.03.202 ₹89900 |

അഴീക്കോട് ഗ്രാമ പഞ്ചായത്തിലെ വിവിധ ഗ്രൂപ്പുകൾക്ക് കാർഷിക യന്ത്രവൽക്കരണം പദ്ധതിയുടെ ഭാഗമായി കാട് വെട്ട് യന്ത്രം വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയാണിത്. കുറഞ്ഞത് 10 അംഗങ്ങൾ ഉള്ള ഗ്രൂപ്പുകൾക്കാണ് യന്ത്രം വിതരണം ചെയ്യുന്നതെന്ന് പ്രോജക്ടിൽ വ്യകതമാക്കിയിട്ടുണ്ട്. ഇതിനായി കേരള അഗ്രോ ഇൻഡസ്ട്രിയൽ കോർപ്പറേഷനിൽ നിന്നും മേൽ ബിൽ പ്രകാരം തുക ചെലവഴിച്ച് കാട് വെട്ട് യന്ത്രങ്ങൾ വാങ്ങി താഴെപ്പറയുന്ന വിവിധ സ്ഥാപനങ്ങൾക്കും, ഗ്രൂപ്പുകൾക്കും വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾചുവടെ കൊടുക്കുന്നു.

1. ക്ലാസ്സിക് ഫൗണ്ടേഷൻ, പൂതപ്പാറ

2. യുവജന ക്ലബ്, വായിപ്പറമ്പ

3. ശ്രീവൽസം ജനശ്രീ യൂണിറ്റ്, വൻകുളത്തുവയൽ

4. സൺ ഫ്ലവർ ആർട്സ് & സ്പോർട്സ് ക്ലബ്, അഴീക്കോട്.

5. സൺ ഫ്ലവർ ഫെമിനിറ്റി, അഴീക്കൽ

6. ശ്രീനാരായണഗുരു ദേവവിലാസം വായനശാല, ചാൽ

7. യുവധാര ആർട്സ് & സ്പോർട്സ് ക്ലബ്, ചാൽ

8. യുവശക്തി ആർട്സ് & സ്പോർട്സ് ക്ലബ്, അഴീക്കൽ

9. വർണ്ണം കുടുംബശ്രീ, ചാൽ

10. ഗ്യാലക്സി സ്വയം സഹായ സംഘം, ചാൽ

11. നക്ഷത്ര ടൂറിസം ഇൻഫ്രാ സ്ട്രക്ചർ സൊസൈറ്റി.

12. ഇ.എം.എസ് സ്മാരക വായനശാല & ഗ്രന്ഥാലയം

13. സുകൃതം ജെ.എൽ.ജി, ബോട്ടുപാലം

14. ബ്ലാക്ക് ഹോഴ്സ് ആർട്സ് & സ്പോർട്സ് ക്ലബ്, ചാൽ

15. അഴീക്കോടൻ സ്മാരക ആർട്സ് & സ്പോർട്സ് ക്ലബ്, ചാൽ

16. ഗ്രീൻസ് കുടുംബശ്രീ

17. പുലരി കുടുംബശ്രീ, അഴീക്കോട്

18. യുവന്റേഴ്സ് ക്ലബ്, ചാൽ

19. ഇതൾ കുടുംബശ്രീ, അഴീക്കോട്

20. താലോലം ചാരിറ്റബിൾ ട്രസ്റ്റ്

21. സ്റ്റീൽ ഡെവലപ്പ്മെന്റ് മൾട്ടി പർപ്പസ് കോ-ഓപ്പ് സൊസൈറ്റി

22. നിധി കുടുംബശ്രീ, പൂതപ്പാറ

23. കസ്തൂരി കുടുംബശ്രീ, കപ്പടവ്

24. സൂര്യ ജെ.എൽ.ജി, അഴീക്കോട്

25. ഗുരുപ്രിയ കുടുംബശ്രീ, ഉപ്പായിച്ചാൽ

26. കപ്പടവ് സ്പോർട്സ് ക്ലബ്, അഴീക്കൽ

27 വിസ്മയ ജെ.എൽ.ജി, ചാൽ

28. അരുണോദയ ജെ.എൽ.ജി, ചാൽ

29. ജനനി കുടുംബശ്രീ

30. ടീം അയാസ് ക്ലബ്, അഴീക്കോട്

31. റെഡ് സ്റ്റാർ, അഴീക്കോട്

32. യുവതരംഗ്, പള്ളിക്കുന്നുമ്പ്രം

33. ലയൺസ് ബ്രദേഴ്സ് ക്ലബ്, ചാൽ

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് മേൽ സ്ഥാപനങ്ങളുടെ രജിസട്രേഷൻ സംബന്ധിച്ച രേഖകൾ എഗ്രിമെന്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ഗ്രൂപ്പുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2. കാർഷിക യന്ത്രവൽക്കരണം – വനിത ഗ്രൂപ്പുകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ/പേര് | 283/23 കാർഷിക യന്ത്രവൽക്കരണം – വനിത ഗ്രൂപ്പുകൾ |
| അടങ്കൽ | ₹810000 (വികസന ഫണ്ട് ജനറൽ വിഹിതം)<br>₹90000 (ഗുണഭോക്തൃ വിഹിതം) |
| ചെലവ് | ₹780000 (വികസന ഫണ്ട് ജനറൽ വിഹിതം)<br>₹90000 (ഗുണഭോക്തൃ വിഹിതം) |
| ബിൽ നമ്പർ/തീയതി, തുക | 22190152024601377505/16.03.2023, ₹780000 |

കാർഷിക യന്ത്രവൽക്കരണം വനിത ഗ്രൂപ്പ് എന്ന പദ്ധതി പ്രകാരം അഴീക്കോട് ഗ്രാമപഞ്ചായത്തിലെ 30 രജിസ്റ്റേർഡ് വനിതാ ഗ്രൂപ്പുകൾക്ക് കാട്‌വെട്ട് യന്ത്രം വിതരണം ചെയ്യുന്ന പദ്ധതിയാണ്. പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ ഭാഗമായി KAICO യിൽ നിന്നും കാട് വെട്ട് യന്ത്രം വാങ്ങി 30 കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കുടുംബശ്രീ ഗ്രൂപ്പുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ, എഗ്രിമെന്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ഗ്രൂപ്പുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖ 6-1-11 പ്രകാരം ചാരിറ്റബിൾ സൊസൈറ്റീസ് നിയമ പ്രകാരമോ,

സഹകരണ നിയമപ്രകാരമോ രജിസ്റ്റർ ചെയ്തതും, കാർഷിക സേവനങ്ങൾ നല്കുന്നതുമായ കർഷക തൊഴിലാളി സമിതികൾക്കും സംഘങ്ങൾക്കും മാത്രമാണ് കാർഷികോപകരണങ്ങൾക്കുള്ള ധനസഹായം നൽകാവൂ എന്ന് വ്യകതമാക്കിയിട്ടുണ്ട്. എന്നാൽ മേൽപറഞ്ഞ കുടുംബശ്രീ യൂണിറ്റുകളുടെയും സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ സംബന്ധിച്ചതിന്റെയും കാർഷിക സേവനങ്ങൾ നല്കുന്നതോ ആയ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പദ്ധതികളുടെ ചെലവ് തുക ₹1638000 (858000+780000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കാർഷിക മേഖലയിൽ ഈ സംഘങ്ങൾ കുറഞ്ഞത് കഴിഞ്ഞ രണ്ടു വർഷമായി നടത്തുന്ന സേവനങ്ങൾ സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-37 ഇ-ടെണ്ടർ ഫീ - ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ലഭ്യമായിട്ടില്ല

ഇ-ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിന് 28-9-2013 ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ളതും അഴീക്കോട് ഗ്രാമ പഞ്ചായത്തിന് 31-03-23 വരെ ലഭിക്കേണ്ടതുമായ ടെണ്ടർ ഫീയുടെ വർഷം തിരിച്ചുള്ള വിവരം ഹാജരാക്കേണ്ടത് സംബന്ധിച്ച് 18.8.2023 ന് നൽകിയ 3/2022-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അഴീക്കോട് ഗ്രാമപഞ്ചായത്തിന് ടെണ്ടർ ഫീ ഇനത്തിൽ 2022-23 സാമ്പത്തിക വർഷം വരെ 261696 രൂപ ലഭിക്കാനുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നും 261696 രൂപ തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 പദ്ധതി മാർഗരേഖ-നിർദ്ദേശം പാലിക്കുക

തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ അവിദഗ്ധ കായിക തൊഴിൽ ഘടകം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാൻ സാധിക്കുമോയെന്ന് പരിശോധിക്കേണ്ടതാണെന്നും കൂടാതെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം നല്കി അവരെ അർദ്ധ വിദഗ്ധ/ വിദഗ്ധ തൊഴിലാളികളാക്കി മാറ്റുന്ന പ്രവർത്തനം ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടതാണെന്നും പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ രേഖയുടെ [സ.ഉ(കൈ)നം.84/2022/തസ്വഭവ തീ.19-04-2022] ഖ.3.5.6( എ)(13)ൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തര ത്തിലുള്ള പ്രവർത്തനം പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ എന്നതു സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.04/22-23-24.08.23) മറുപടിയിൽ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ അവിദഗ്ധ കായിക തൊഴിൽഘടകം തൊഴിലുറപ്പ് പദ്ധതിയിൽ കൺവർജൻസായി നടപ്പിലാക്കാൻ സാധിക്കുന്നതാണെന്നും തൊഴിലുറപ്പ് തൊഴിലാളികൾക്ക് മികവ് പദ്ധതിയിൽ ഉൾപ്പെടുത്തി കമ്പോസ്റ്റ് നിർമ്മാണം, കിണർ റീചാർജ് എന്നിവയുമായി ബന്ധപ്പെട്ട് മുൻവർഷങ്ങളിൽ

പരിശീലനം നല്കിയിട്ടുണ്ടെന്നും നിലവിൽ പരിശീലനം ആവശ്യമുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കി ബന്ധപ്പെട്ടവർക്ക് നല്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മാർഗരേഖാ നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ടവർശ്രദ്ധിക്കേണ്ടതാണ്.

## 1-39 അതിഥി തൊഴിലാളി ക്ഷേമം-പദ്ധതികൾ നടപ്പിലാക്കുക

മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് തൊഴിൽ തേടി കേരളത്തിൽ എത്തി വിവിധ തൊഴിലുകൾ ചെയ്യുന്ന അതിഥി തൊഴിലാളികളുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിനായി തൊഴിൽ വകുപ്പ്,പോലീസ്,റവന്യൂ അധികാരികളുമായി ചേർന്ന് ആവശ്യമായ പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടത്തേണ്ടതാണെന്നും അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി അതിഥി തൊഴിലാളികളുടെ താമസ സ്ഥലങ്ങളിലെ ശുചിത്വം ഉറപ്പാക്കുക,അഥിതി തൊഴിലാളികളുടെ ഡാറ്റ ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക,അഥിതി തൊഴിലാളികളുടെ ചികിത്സയ്ക്കായി പ്രത്യേക ക്ലിനിക്കുകളും മെഡിക്കൽ ക്യാമ്പുകളും നടത്തുക,അഥിതി തൊഴിലാളികൾക്കും അവരുടെ മക്കൾക്കുമായി അവരുടെ പ്രാദേശിക ഭാഷയിൽ രാത്രിസ്കൂൾ അല്ലെങ്കിൽ സ്പെഷൽ സ്കൂൾ നടത്തുക എന്നീ പ്രവർത്തനങ്ങൾ നിർവഹിക്കാവുന്നതാണെന്ന് പദ്ധതി മാർഗ രേഖയുടെ ഖ.8.9 [സ.ഉ(കൈ)നം.84/2022 /തസ്വഭവ തീ.19-04-2022] ൽ വ്യക്തമാക്കിയിട്ടുണ്ട്.മേൽപ്പറഞ്ഞവയിലേതെങ്കിലും പ്രവർത്തനം പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ടോയെന്ന വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.05/2022-23,18.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.ഒരു സാമൂഹിക ഉത്തരവാദിത്തം എന്ന നിലയിൽ അതിഥി തൊഴിലാളികളുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിനായുള്ള പദ്ധതികൾ പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണ്.

## 1-40 മരാമത്ത് പ്രവൃത്തികളുടെ നിർവഹണം

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [ 19-04-2022 തീയതിയിലെ സ.ഉ (കൈ) നം.84/2022/തസ്വഭവ] ഉത്തരവിലെ ഖണ്ഡിക നമ്പർ 14(4) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിറ്ററിംഗ് സംവിധാനത്തിന് പുറമെ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധത്തിലുള്ള മോണിറ്ററിംഗ് സംവിധാനം കൂടി നടപ്പിലാക്കണമെന്നും തുടക്കമെന്ന നിലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആകെ പ്രോജക്ടുകളുടെ ഒരു ശതമാനമെങ്കിലും ഈ രീതിയിൽ തെരഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള ഗുണനിലവാരപരിശോധനക്ക് വിധേയമാക്കേണ്ട താണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഈ രീതിയിലുള്ള പ്രവർത്തനം പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ടോയെന്നതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന്(നം.39/22-23 /23-08-23)മറുപടി ലഭ്യമാക്കിയിട്ടില്ല. ഫയൽ പരിശോധിച്ചതിൽ നിന്ന് ഈ രീതിയിലുള്ള പ്രവർത്തനം നടത്തിയതായി കണ്ടില്ല.മാർഗരേഖാ നിർദ്ദേശം പാലിച്ച് പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-41 മരാമത്ത് പ്രവൃത്തികളിലെ ജി.എസ്.ടി വിഹിതം അടവാക്കുക

റോഡു പ്രവൃത്തിയുടെ ഫയലുകൾ പരിശോധിച്ചതിൽ, കാലി ബാരൽ വില്പ്പന നടത്തിയതിന്റെയും, അതിൻമേൽ ജി.എസ്.ടി വസൂലാക്കിയതിന്റെയും ഇനത്തിലുള്ള തുക

പ്രത്യേകം കാണിക്കാതെ 'Revenue' എന്ന ശീർഷകത്തിൽ തുക ഒന്നായാണ് ചേർത്തിരിക്കുന്നത്. ആയതിനാൽ കാലി ബാരലിന്മേൽ ഈടാക്കിയ ജി.എസ്.ടി. എത്രയാണെന്നോ പ്രസ്തുത തുക ബന്ധപ്പെട്ട ഹെഡിലേക്ക് അടവാക്കിയിട്ടുണ്ടോയെന്നും വ്യക്തമല്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ പ്രവൃത്തിയുടെ പേര് | ആകെ ചെലവ് | ബില്ലിൽ നിന്ന് ആകെ കുറവു ചെയ്ത തുക | Revenue എന്ന ശീർഷകത്തിൽ കുറവു ചെയ്ത തുക |
|---|---|---|---|
| | | | |
| 202/23, കല്ലടത്തോട് മുതൽ സുകുമാരന്റെ വീടു വരെ റോഡ് ടാറിംഗ് | 492612 | 19229 | 2529 |
| | | | |
| 202/23, ശശീന്ദ്രൻ ക്വാർട്ടേഴ്സ് റോഡ് ടാറിംഗ് | 739153 | 44090 | 3372 |

ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.44/22-23/24-8-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് കാലയളവിലെ എല്ലാ ബില്ലുകളും പരിശോധിച്ച് (ജി.എസ്.ടി. അടവാക്കാത്ത ബില്ലുകളുടെ കാര്യത്തിൽ) ജി.എസ്.ടി. ഇനത്തിൽ അടവാക്കേണ്ട തുക കണക്കാക്കി ജി.എസ്.ടി. ഫണ്ടിൽ അടവാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് പ്രസ്തുത അക്കൗണ്ടിലേക്ക് കാലി ബാരലിന്റെ വില തിരിച്ചടക്കേണ്ടതുമാണ്.

## 1-42 ഡെപ്പോസിറ്റ് വർക്ക് അവലോകനം

ഗ്രാമപഞ്ചായത്ത് വിവിധ വർഷങ്ങളിൽ കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ അതോറിറ്റി തുടങ്ങിയ നിർവ്വഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തിയിനത്തിൽ തുക നൽകി വരുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ മുൻ വർഷങ്ങളിലെ ഡെപ്പോസിറ്റ് പ്രവൃത്തികളൊന്നും പൂർത്തീകരിക്കാൻ ബാക്കിയില്ല. 2022-23 വർഷത്തിൽ ഡെപ്പോസിറ്റ് ചെയ്ത താഴെ പറയുന്ന പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിക്കാൻ ബാക്കിയുള്ളത്. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ/ പ്രവൃത്തി യുടെ പേര് | നിർവ്വഹണ ഏജൻസി | ഡെപ്പോസിറ്റ് ചെയ്ത തുക | ഡെപ്പോസിറ്റ് ചെയ്ത വർഷം/ എഗ്രിമെന്റ് ഉണ്ട്/ ഇല്ല | നിർവ്വഹണ ഏജൻസി വിനിയോഗിച്ച തുക | തുക തിരിച്ചു കിട്ടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ | ക്രമീകരിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| 1 | 1/23 തെരുവ് വിളക്ക് ലൈൻ വലിക്കൽ | കെ.എസ്.ഇ.ബി | ₹3759056 | 2022-23 എഗ്രിമെന്റ് വെച്ചു | പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | - | - |
| 2 | 313/23 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. ക്ക് തുക ഒടുക്കൽ | കെ.എസ്.ഇ.ബി | 223024 | 2022-23 എഗ്രിമെന്റ് ലഭ്യമാക്കിയിട്ടില്ല | പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | - | - |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് തുക അനുവദിക്കുന്നതിനു മുമ്പായി ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി തദ്ദേശ സ്ഥാപനത്തിനു നൽകേണ്ടതാണ്. ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക മുൻകൂർ ആയി നൽകാവൂ. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സമയ ബന്ധിതമായ പൂർത്തീകരണം സെക്രട്ടറി ഉറപ്പാക്കേണ്ടതുണ്ട്. ക്രമ നമ്പർ. 2 പ്രകാരമുള്ള പ്രവൃത്തിക്കായി ഗ്രാമപഞ്ചായത്ത് കെ എസ് ഇ ബി ക്ക് തുക കൈമാറിയപ്പോൾ കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസിക്ക് തുക നൽകുമ്പോൾ കരാർ ചമക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 16-08-2023 & 17-08-2023 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി.5/1394/2023 തീയതി: 04.10.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് നമ്പർ/ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ | 2022-23 | 391000 | 136/23 നെൽകൃഷി വികസനം | 391000 | 0 |
| | 2022-23 | 319268 | 03/23 പാലിയേറ്റീവ് പരിചരണ പദ്ധതി | 319268 | 0 |
| | 2022-23 | 189730 | S049/23 ലൈഫ് മിഷൻ ഭവന നിർമ്മാണം -ജനറൽ | 189730 | 0 |

| | | | | | |
|---|---|---|---|---|---|
| | 2022-23 | 322000 | So50/23 ലൈഫ് മിഷൻ ഭവന നിർമ്മാണം-പട്ടികജാതി | 322000 | 0 |
| | 2022-23 | 1300000 | So51/23 ലൈഫ് മിഷൻ ഭവന നിർമ്മാണം-പട്ടികജാതി | 1300000 | 0 |
| | 2022-23 | 750000 | SO79/23, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും | 750000 | 0 |
| | 2022-23 | 173193 | 130/23 ക്ഷീരകർഷകർക്ക് പാലിന് അധിക വില നല്കൽ | 173193 | |
| | ആകെ | 3445191 | | 3445191 | 0 |
| ജില്ലാ പഞ്ചായത്ത്, കണ്ണൂർ | 2022-23 | 88770 | 03/23 പാലിയേറ്റീവ് പരിചരണ പദ്ധതി | 88770 | 0 |
| | | 450000 | So50/23 ലൈഫ് മിഷൻ ഭവന നിർമ്മാണം -പട്ടികജാതി | 450000 | 0 |
| | | 100000 | So51/23ലൈഫ് മിഷൻ ഭവന നിർമ്മാണം-പട്ടികജാതി | 100000 | 0 |
| | | 250000 | 79/23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും | 250000 | 0 |
| | ആകെ | 888770 | | 888770 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം/ തീയതി | മുൻകൂർ നൽകിയ തുക | ചെലവ് | നിക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 313/23 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി ക്ക് തുക ഒടുക്കൽ | 6564451/10.02.23<br>009512/14.03.23 | 131394<br>91630 | 0<br>0 | 131394<br>91630 |
| കെ.എസ്.ഇ.ബി | പ്രോ.നം.01/23തെരുവ് വിളക്ക് ലൈൻ വലിക്കൽ | 22201188/22.03.23<br>1076/29.03.23 | 3500000<br>259056 | 0<br>0 | 3500000<br>259056 |

## 4-4 മൊബിലൈലെസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 12082188 |
| തൻവർഷം നിക്ഷേപിച്ച തുക | 6000000 |
| ആകെ | 18864544 (പലിശ ഉൾപ്പെടെ) |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 18864544 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ബാങ്ക് | നിക്ഷേപിച്ച തുക | നിക്ഷേപിച്ച തീയതി | കാലാവധി |
|---|---|---|---|---|
| 1 | എ കെ ജി മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പ്പിറ്റൽ | 5,000 | 45/20.07.2015 | -- |

| | | | | |
|---|---|---|---|---|
| 2 | മലബാർ ടൂറിസം, പറശ്ശിനിക്കടവ് ഷെയർ | 20,000 | 203/18.11.04 | -- |
| 3 | അഴീക്കോട് സർവീസ് സഹകരണ ബാങ്ക് | 3042494 | 002001047701/28.11.2022 | 1വർഷം |
| 4 | കേരള ബാങ്ക് | 2226100 | 036110/04.02.2023 | ,, |
| 5 | കേരള ബാങ്ക് | 504446 | 166377/30.06.2022 | ,, |
| 6 | കേരള ബാങ്ക് | 659338 | 041513/29.03.2023 | ,, |
| 7 | കേരള ബാങ്ക് | 3026880 | 036150/10.03.2023 | |
| 8 | K G B അഴീക്കോട് | 2063457 | 349108/29.09.2022 | ,, |
| 9 | കേരള ബാങ്ക് | 6000000 | 171818801200054/31.03.2023 | ,, |
| 10 | കണ്ണൂർ ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് | 1316829 | 166049/06.09.2022 | ,, |
| | ആകെ | 18864544 | | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ലഭിച്ച ₹6459യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തിയ്യതി |
|---|---|---|---|---|
| 2005-06 | 2-5 | 120 | ശ്രീമതി പി.വി പ്രീത | 1220105242/16.09.2022 |
| 2018-19 | 1-12 | 120 | പ്രൊപ്രൈറ്റർ, ഗോൾഡൻ ഇന്ത്യ | 1220105473/20.09.22 |
| 2010-11, 2011-12 | 2-5(3) | 293 | ശ്രീമതി.പി.വി സുനിത | 1220105490/20.09.22 |
| 2010-11,2011-12 | 2-5(3) | 29 | ശ്രീമതി.അഫീല | 1220105491/20.09.22 |
| 2010-11,2011-12 | 2-5(3) | 882 | ശ്രീ. മുഹമ്മദ് രഫീഖ് | 1220105492/20.09.22 |
| 2010-11, 2011-12 | 2-5(3) | 425 | ശ്രീ.കെ.പി ദിവാകരൻ | 1220105493/20.09.22 |
| 2010-11,2011-12 | 2-5(3) | 408 | ശ്രീമതി. റാബിയ | 1220105495/20.09.22 |
| 2010-11,2011-12 | 2-5(3) | 397 | ശ്രീ.സി. ചന്ദ്രൻ | 1220105496/20.09.22 |

| | | | | |
|---|---|---|---|---|
| 2010-11,2011-12 | 2-5(3) | 418 | ശ്രീ.പി.സി ഷൈജു | 1220105497/20.09.22 |
| 2010-11, 2011-12 | 2-5(3) | 189 | ശ്രീ. പി സുരേന്ദ്രൻ | 1220105498/20.09.22 |
| 2010-11, 2011-12 | 2-5(3) | 59 | ശ്രീമതി സി. ആയിഷ ബീബി | 1220105499/20.09.22 |
| 2010-11,2011-12 | 2-5(3) | 96 | ശ്രീ. എം. സജീവൻ | 1220105500/20.09.22 |
| 2010-11,2011-12 | 2-5(3) | 91 | ശ്രീ. ദീപക് | 1220105501/20.09.22 |
| 2010-11, 2011-12 | 2-5(3) | 37 | ശ്രീമതി.ടി.എം. സരോജം | 1220105502/20.09.22 |
| 2010-11,2011-12 | 2-5(3) | 157 | ശ്രീ.ടി.പി.പുഷ്പകൻ | 1220105503/20.09.22 |
| 2010-11,2011-12 | 2-5(3) | 195 | ശ്രീമതി.ഷാഹിദ | 1220105504/20.09.22 |
| 2010-11, 2011-12 | 2-5(3) | 162 | ശ്രീ.അരയാക്കണ്ടി വിനീഷ് | 1220105505/20.09.22 |
| 2010-11,2011-12 | 2-5(3) | 497 | ശ്രീമതി സറീന ബീബി | 1220105506/20.09.22 |
| 2010-11,2011-12 | 2-5(3) | 564 | ശ്രീ. ടി ദിലീപൻ | 1220105494/20.09.22 |
| 2006-07 | 2-1(ബി) | 600 | സിഗ്നെറ്റ് ഫ്യൂൽസ് | 1220105412/19.09.22 |
| 2007-08 | 2-2 | 240 | മാവേലി സ്റ്റോർ | 1220105469/20.09.22 |
| 2008-09 | 2-1 | 240 | മാവേലി സ്റ്റോർ | 1220105470/20.09.22 |
| 2009-10 | 2-3 | 240 | മാവേലി സ്റ്റോർ | 1220105471/20.09.22 |
| ആകെ | | ₹6,459 | | |

ഓഡിറ്റ് ഒബ്ജക്ഷൻ/റിക്കവറി രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് റിക്വിസിഷന് മറുപടിയായി സെക്രട്ടറി നല്കിയ വിവരങ്ങളാണ് ഉൾപ്പെടുത്തിയത് (2022-23 ഓഡിറ്റ് റിക്കവറിയുടെ ലഡ്ജർ പരിശോധിച്ച ശേഷം).

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2001-02 | 2003-04 | 4 | പൊയ്യുംകടവ് സ്രാമ്പി റോഡ് പരിഷ്കരണം | നിലനിൽക്കുന്നു |
| 2001-02 | 2003-04 | 11 | മത്സ്യത്തൊഴിലാളി ഇന്ധന സബ്സിഡി | നിലനിൽക്കുന്നു |
| 2014-15 | 2016-17 | 2-1, 2-2 | തൊഴിൽ നികുതി | നിലനിൽക്കുന്നു |

## 4-9 ചാർജ്ജ് സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 156366817 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 145489562 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8364363 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| നമ്പർ | | |
|---|---|---|
| 1-18 | 316725 | ഡോ. രാജശ്രീ എസ്, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-19 | 58293 | ഡോ. രാജശ്രീ എസ്, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-20 | 548277 | ഡോ.സിന്ധുകല എ.ആർ, മെഡിക്കൽ ഓഫീസർ (സിഎച്ച്സി) |
| 1-21 | 31650 | ഡോ.സിന്ധുകല എ.ആർ, മെഡിക്കൽ ഓഫീസർ (സിഎച്ച്സി) |
| 1-22 | 99300 | ഡോ.സിന്ധുകല എ.ആർ, മെഡിക്കൽ ഓഫീസർ (സിഎച്ച്സി) |
| 1-23 | 494208 | അരുൺ സുരേഷ്, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 1-25 | 715000 | സന്തോഷ് തൊപ്പിയൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-26 | 75000 | സന്തോഷ് തൊപ്പിയൻ,അസിസ്റ്റന്റ് സെക്രട്ടറി |
| 1-27 | 155830 | സന്തോഷ് തൊപ്പിയൻ,അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ്) |
| 1-28 | 100000 | ജിൻസിമോൾ ജോർജ്, ഐസിഡിഎസ് സൂപ്പർവൈസർ |
| 1-31 | 100000 | ഗോപാലകൃഷ്ണൻ.എസ്, സെക്രട്ടറി |
| 1-32 | 3759056 | ഗോപാലകൃഷ്ണൻ.എസ്, സെക്രട്ടറി |
| 1-33 | 223044 | ഗോപാലകൃഷ്ണൻ.എസ്, സെക്രട്ടറി |
| 1-34 | 50000 | സിന്ധു കല എ.ആർ, മെഡിക്കൽ ഓഫീസർ (സിഎച്ച്സി) |
| 1-36 | 1638000 | റമീസ.ഇ.എം, കൃഷി ഓഫീസർ |
| ആകെ | 8364363 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സിന്ധുകല എ.ആർ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, സിഎച്ച്സി, വളയം, കോഴിക്കോട് | കൗസ്തുഭം, ചേവായൂർ, കോഴിക്കോട് |
| സന്തോഷ് തൊപ്പിയൻ, അസിസ്റ്റന്റ് സെക്രട്ടറി | കണ്ണൂർ കോർപ്പറേഷൻ | ഡ്രീംസ്, വായിപ്പറമ്പ് അഴീക്കോട്.പി.ഒ |

| | | |
|---|---|---|
| ജിൻസിമോൾ ജോർജ്.കെ ഐസിഡിഎസ് സൂപ്പർവൈസർ | ഐസിഡിഎസ് സൂപ്പർവൈസർ, എടക്കാട് അഡീഷണൽ, ചക്കരക്കല്ല് | കുട്ടാരപ്പള്ളിൽ ഹൗസ്, അങ്ങാടിക്കടവ് പി.ഒ കണ്ണൂർ- 670706 |
| ഗോപാലകൃഷ്ണൻ.എസ് സെക്രട്ടറി | വിരമിച്ചു | ശ്രീലക്ഷ്മി, മാരിക്കുളം നോർത്ത്.പി.ഒ, ആലപ്പുഴ |
| റമീസ ഇ.എം, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ചിറക്കൽ ഗ്രാമ പഞ്ചായത്ത് | ഇഎം ഹൗസ്, മീൻകുന്ന്.പി.ഒ അഴീക്കോട് |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 (പദ്ധതി വിഹിതം) | കെ.എസ്.എ/കെ.എൻ.ആർ/സി5/1422/22 തീ.28.11.2022 | 3 |
| 2001-02 (പദ്ധതി വിഹിതം) | കെ.എസ്.എ/കെ.എൻ.ആർ/സി5/1422/22 തീ.28.11.2022 | 2 |
| 2002-03 | കെ.എസ്.എ/കെ.എൻ.ആർ/സി5/1422/22 തീ.28.11.2022 | 4 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/സി5/1422/22 തീ.28.11.2022 | 4 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/സി5/1422/22 തീ.28.11.2022 | 4 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ/സി5/1422/22 തീ.28.11.2022 | 3 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/സി5/1422/22 തീ.28.11.2022 | 1 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/സി5/1422/22 | 3 |

| | | |
|---|---|---|
| | തീ.28.11.2022 | |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി5/1422/22 തീ.28.11.2022 | 1 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/സി5/1422/22 തീ.28.11.2022 | 1 |
| 2010-11 2011-12 | കെ.എസ്.എ/കെ.എൻ.ആർ/സി5/1422/22 തീ.28.11.2022 | 5 |
| 2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി5/1422/22 തീ.28.11.2022 | 7 |
| 2013-14 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി5/1422/22 തീ.28.11.2022 | 13 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി5/1422/22 തീ.28.11.2022 | 3 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി5/1422/22 തീ.28.11.2022 | 01 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി5/1422/22 തീ.28.11.2022 | 15 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി5/1422/22 തീ.28.11.2022 | 06 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി5/948/21 തീ.05.10.2021 | 8 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി5/949/21 തീ.06.10.2021 | 14 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ/സി5/1250/2022 തീ.06.10.2021 | 18 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/23 dated 27-06-2023 and submitted on 11-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March and Balance sheet as on 31-03- , with supporting forms, of the Azheekode Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Azheekode Grama Panchayat for the year 2022-2023

Date: 04/10/2023

Deputy Director
District Office Kannur
Kerala State Audit Department

# Audit Report appended to the Audit Certificate of Azheekode Grama Panchayat for the Year 2022-2023.

**1.Major Observations**

1. B-1 Schedule of the Annual Financial Statements is not submitted.
2. Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
3. The Asset value shown in balance sheet (Schedule B-11 ) is not traceable to Asset Register due to unsupported design of existing Asset Register.

**2.Other Observations**

1. The festival advance Rs.18000 is not recouped to own funds.
2. Rs 662088 allocated to CDS as per advance register remains to be adjusted.
3. Documents relating to calculation of assets and depreciation have not been made available for inspection
4. Unspent or unutilized amount Rs. 454244 received as Zilla Panchayat share and Rs.441610 received as Block Panchayat share in the previous years was not refunded.
5. Rs. 269178, the amount recorded as stale cheque in B-9 Schedule of the Annual Financial Statement has not been recouped to the Panchayat Fund.
6. The amount recorded as Other Liabilities in B4 Schedule of the Annual Financial Statement has not been identified
7. Mandatory financial statements such as Ratios prescribed in accounting rules is not submitted for audit.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

Azheekode Grama Panchayat RECEIPT & PAYMENT STATEMENT
For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 110606278.00 |
| Cash | Cash | RP-40(a) | 232248.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2227930.00 |

| | | | |
|---|---|---|---|
| | | | |
| 140000000 | Fees & User Charges | RP-4 | 2511922.00 |
| 150000000 | Sale & Hire Charges | RP-5 | 7636858.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 23965680.00 |
| 171000000 | Interest Earned | RP-9 | 3242564.00 |
| 190000000 | Prior Period Income | RP-11 | 17653.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | | |